GOVT. VHSS KALLARA

ഗവ:വി.എച്ച്.എസ്.എസ്
കല്ലറ

PH: 0472 2860805,
www.vhsskallara.in,
gvhsskallara@gmail.com

# മിഴി



Little KITEs

പൊതുവിദ്യാഭ്യാസവകുപ്പ്
കേരള സർക്കാർ

LK/2018/42071



## മാലി ഗോപിനാഥ്
പ്രിൻസിപ്പാൾ (ജി വി എച്ച് എസ് എസ് കല്ലറ)



പ്രിയമുള്ളവരേ ,

വിദ്യാർഥികളുടെ സാഹിത്യപരമായ വാസനകൾ പരിപോഷിപ്പിക്കുന്നതിൽ സ്കൂൾ മാഗസിനുകൾ പങ്ക് വഹിക്കുന്നു.ഡിജിറ്റൽ മാധ്യമങ്ങൾ ആധിപത്യം പുലർത്തുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ സ്കൂൾ മാഗസിനും ഡിജിറ്റൽ രൂപത്തിലേക്ക് എത്തിക്കുന്നതിന് ലിറ്റിൽ കൈറ്റ്സ് ഐടി കൂട്ടായ്മ നേതൃത്വം ഏറ്റെടുത്തത് അഭിമാനാർഹമാണ്. ഈ ഒരു മാഗസിൻ രൂപപ്പെടുത്തുന്നതിന് പിന്നിൽ പ്രവർത്തിച്ച എല്ലാ വിദ്യാർത്ഥികൾക്കും അവർക്കുവേണ്ട മാർഗനിർദ്ദേശം നൽകി കൂടെ നിന്ന അധ്യാപകർക്കും എല്ലാവിധ ആശംസകളും അഭിനന്ദനങ്ങളും നേരുന്നു.

സ്നേഹപൂർവ്വം,

മാലി ഗോപിനാഥ്
( പ്രിൻസിപ്പാൾ
ഗവഃ വി എച്ച് എസ് എസ് കല്ലറ )



**ഷാജഹാൻ കെ**

**ഹെഡ്മാസ്റ്റർ(ജി വി എച്ച് എസ് എസ് കല്ലറ)**



പ്രിയമുള്ളവരേ,

23- 24 അധ്യയന വർഷത്തിൽ നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ മികച്ച നിലവാരം പുലർത്തുന്ന ഒന്നാണ്. ഈ മാഗസിൻ കുട്ടികളുടെ വിവിധയിനം കഴിവുകളെ പ്രകടിപ്പിക്കാനുള്ള നല്ലൊരു അവസരം കൂടിയാണ് . ഈ കഴിവുകൾ എല്ലാം ഈ മാഗസിനുള്ളിൽ കാണുവാൻ സാധിക്കുന്നു. വളരെയധികം അറിവുകൾ പകർന്നു തരുന്ന ഈ മാഗസിന് പിന്നിൽ പ്രവർത്തിച്ച അധ്യാപികമാരായ വിനീത ടീച്ചർ, രാജി ടീച്ചർ , പാർവതി ടീച്ചർ, ദിവ്യ ടീച്ചർ എന്നിവരെയും വിദ്യാർത്ഥികളെയും അഭിനന്ദിക്കുന്നു.ഈ മാഗസിൻ നമ്മുടെ സ്കൂളിന് അഭിമാനിക്കാൻ പറ്റുന്ന ഒരു മുതൽക്കൂട്ടാണ് എന്ന് ഞാൻ വിശ്വസിക്കുന്നു . എന്റെ എല്ലാവിധ ആശംസകളും ഇതോടൊപ്പം അറിയിക്കുന്നു

സ്നേഹപൂർവ്വം,

ചീഫ് എഡിറ്റർ,
ഷാജഹാൻ കെ

( ഹെഡ്മാസ്റ്റർ )

# ചുമതലാ വിഭജനം

## മാഗസിന് പേര് നിശ്ചയിക്കൽ

നസൽ നൗഷാദ്
ആഷിക് മുഹമ്മദ് എസ്
മുഹമ്മദ് റിസാൻ ആർ
നസ് മൽ എൻ
ആദിഷ് എ
അതുല്യ സജു
അൻസാ ഫാത്തിമ
ആദിത്യ എസ്

## സൂക്ഷ്മ പരിശോധന

ആമിനാ സലീം
നാദിയ ഷഹബാൻ
മെഹ്റു ഫാത്തിമ ടി എസ്
അജ്മൽ എസ്
പൂജാ എസ് ആർ
ഫൗസിയ എസ്
നസൽ നൗഷാദ്

## ടൈപ്പിംഗ്

അക്ഷയ് എസ്
മുബാഷിറ ബി ആർ
ആബിദ് റഹ്മാൻ എൻ
അൽഫിനാ
സൂര്യ ലക്ഷ്മി എസ്
അനുഗ്രഹ ജി എസ്
സോനു ജയരാജ്

## സ്റ്റുഡന്റ് എഡിറ്റർ

ദേവനന്ദൻ പി എൽ

## എഡിറ്റിംഗ്

ആമിന ജെ
സുബിൻ എസ്
അൽ അമീൻ
പാർത്ഥസാരഥി എസ്
പ്രണവ് ആർ പ്രസാദ്
ശില്പ വി എസ്

## ഡിസൈനിങ്

അസ്ഹർ എൻ
ഷെറിൻ മുഹമ്മദ്
ആദിൽ ഷിഹാസ്
ഫവാസൽ റെഹ്മാൻ

## കവർ ചിത്ര നിർമ്മാണം

ഫവാസുൽ റെഹ്മാൻ
ദേവനന്ദൻ പി എൽ
ആദിൽ ഷിഹാസ്

## വിഭവങ്ങൾ ശേഖരിക്കുന്നത്

ശ്രീലക്ഷ്മി എസ്
മുഹമ്മദ് അഹ്സാൻ എൻ എസ്
ദേവിക എൽ എസ്
നക്ഷത്ര എസ്
ആസിഫ് മുഹമ്മദ് എം ആർ
ആമിന എ
ആഷിക് എസ് എസ്

## ചിത്ര രചന

ഷിബിജ
(എച്ച് എസ്സ് ടി ഇംഗ്ലീഷ് )



പ്രിയമുള്ളവരേ ,

കലാസൃഷ്ടികൾ കാലാനുവർത്തികൾ ആണ്. കാലത്തിനെയും സമയത്തിനേയും അതിജീവിച്ച കൃതികളും വായ്മൊഴികളും ആണ് ചരിത്രത്തിനെ ചിട്ടപ്പെടുത്താൻ സഹായിക്കുന്നത് ഇന്നത്തെ വാക്കുകൾ നാളത്തെ എഴുതപ്പെട്ട ചരിത്രമാണ്. ഓരോ വാക്കുകളും കവിതയും കഥയും വീണ്ടുംഓർമ്മപ്പെടുത്തലുകളാണ്.മറവിയുടെ താളുകളിലേക്ക് ഇരുൾ പടരുമ്പോൾ ആവർത്തിക്കുന്ന യുവതയുടെ പ്രതിരോധമാണ് ഈ പുസ്തകം ഇവിടെ കലഹിക്കുന്ന യുവത്വം നിശബ്ദതയെ ഭേദിക്കുന്നു. ഉറച്ച വിശ്വാസപ്രമാണങ്ങളെ ചോദ്യം ചെയ്യുന്ന അർത്ഥമേറിയ പദങ്ങളാൽ വർത്തമാനം മിഥ്യയെ അനാവരണം ചെയ്യിപ്പിക്കുന്ന തലമുറയുടെ ഉയർത്തു പാട്ടായി മാറട്ടെ ഈ മാഗസീൻ

സ്നേഹപൂർവ്വം ,

സബീന എം എസ്
( എച്ച് എസ് ടി മലയാളം)
സ്റ്റാഫ് എഡിറ്റർ



പ്രിയപ്പെട്ടവരെ......

വ്യത്യസ്ത ആശയങ്ങൾ എഴുത്തിന്റെ സഹായത്താൽ കഥയും കവിതയും ലേഖനങ്ങളും ആകുമ്പോൾ, കാലഘട്ടത്തിന്റെ മാറ്റങ്ങൾ ഉൾക്കൊണ്ട് അവ കാലാനുവർത്തനം ചെയ്തു പുത്തൻ സൃഷ്ടികൾ ആകുന്നു.

വാക്കുകൾക്ക് ആശയ ഗാഭീര്യവും, സൗന്ദര്യവും ഏറി വരുന്ന കാലമാണിത്.

നമ്മുടെ വികാരങ്ങൾ വാക്കുകളിലൂടെ വിസ്മയം തീർക്കുമ്പോൾ, അവ എന്തിനെയാണ് ലക്ഷ്യം വയ്ക്കുന്നത് എന്ന് നമുക്ക് മനസ്സിലാകും. കലയും സാഹിത്യവവും വിദ്യാർഥികൾക് തുറന്നിട്ട ജാലകമായി മാറി കഴിഞ്ഞു.

കാഴ്ചകൾ ചിത്രങ്ങളായും, കേൾവി കവിതകളായും, ഗന്ധം കഥകളായും

സ്പർശനം ലേഖങ്ങളായും ഈ മാഗസീനിൽ ഉൾകൊള്ളിച്ചിരിക്കുന്നു

സ്നേഹപൂർവം
സ്റ്റുഡന്റ് എഡിറ്റർ : ദേവനന്ദൻ പി എൽ
9H



**PTA PRESIDENT**

**G VIJAYAN**



**MPTA PRESIDENT**

**AJITHA**



**SCHOOL LEADER**

**SIVANANDA**



**SCHOOL CHAIRMAN**

**MUHAMMED ALI R S**

# സ്കൂളിന്റെ ചരിത്രം




തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് താലൂക്കിലെ കല്ലറ പഞ്ചായത്തിലാണ് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത്. വാമനപുരത്തിനപ്പുറത്ത് കൊല്ലവർഷം 1080 ന് മുൻപ് വിദ്യാലയങ്ങൾ ഉണ്ടായിരുന്ന-തായി അറിവില്ല. ശ്രീമൂലം തിരുനാൾ മഹാരാജാവ് പ്രാഥമിക വിദ്യാഭ്യാസത്തിന് വളരെ പ്രാധാന്യം നൽകി- യിരുന്നു. അക്കാലത്താണ് ഈ പ്രദേശത്ത് കല്ലറ പഞ്ചായത്തിലെ ആദ്യ വിദ്യാലയം ആരംഭിക്കുന്നത്. 1088 ഇടവം എന്നാണ് സ്കൂളിന്റെ സ്ഥാപന വർഷത്തെക്കുറിച്ച് അറിയാൻ കഴിഞ്ഞത്. 1957 വരെ പ്രൈമറി വിഭാഗം മാത്രമായിരുന്ന സ്ഥാപനം 1957 മുതൽ മിഡിൽ സ്കൂളായും , 1976 – ' 77 മുതൽ ഹൈസ്കൂളായും ഉയർത്തി.

ഇന്ന് ഹയർസെക്കൻഡറി ഒഴികെ 2770 വിദ്യാർത്ഥികൾ പഠിക്കുന്ന പഞ്ചായത്തിലെ ഏറ്റവും വലിയ വിദ്യാലയമാണിത്. ഈ സ്കൂളിലെ ആദ്യത്തെ പ്രഥമാധ്യാ - പകൻ ശ്രീ. കെ കുട്ടൻപിള്ളയും ആദ്യത്തെ വിദ്യാർത്ഥി പാറു അമ്മയും ആണ്. സിനിമാ പിന്നണിഗായകൻ ശ്രീ. കല്ലറ ഗോപൻ, പ്രൊഫ. രമേശൻ നായർ, നടി കല്ലറ അംബിക , കവി ശ്രീ. കല്ലറ അജയൻ എന്നിവർ ഈ സ്കൂളിലെ പൂർവവിദ്യാർത്ഥികളാണ്.

ഏകദേശം രണ്ടര ഏക്കറിൽ എട്ട് കെട്ടിടങ്ങളിലായാണ് സ്കൂൾ നിലനിൽക്കുന്നത്. പ്രിൻസിപ്പാൾ ശ്രീമതി. മാലി ഗോപിനാഥ് , പ്രഥമാധ്യാപകൻ ശ്രീ. ഷാജഹാൻ കെ, പി ടി എ പ്രസിഡന്റ് ശ്രീ. ജി. വിജയൻ , മദർ പി ടി എ പ്രസിഡന്റ് ശ്രീമതി. അജിത , ഡെപ്യൂട്ടി ഹെഡ്മാസ്റ്റർ ശ്രീ. എസ് സുനിൽകുമാർ എന്നിവരുടെ നേതൃത്വത്തിൽ മികച്ച പ്രവർത്തനങ്ങൾ നടന്നു വരുന്നു.

എച്ച് എസ് വിഭാഗത്തിൽ 52 ഉം , എൽ പി വിഭാഗത്തിൽ 17 ഉം , യു പി വിഭാഗത്തിൽ 20 ഉം , പ്രീ-പ്രൈമറി വിഭാഗത്തിൽ 8 ഉം , വി എച്ച് എസ് ഇ വിഭാഗത്തിൽ 11 ഉം ഉൾപ്പെടെ 108 അധ്യാപകരുണ്ട്. ആകെ 2893 വിദ്യാർത്ഥികളുള്ളതിൽ കെ ജി വിഭാഗത്തിൽ 142ഉം, എൽ പി വിഭാഗത്തിൽ 488 ഉം, യു പി വിഭാഗത്തിൽ 664 ഉം, എച്ച് എസ് വിഭാഗത്തിൽ 1476 ഉം കുട്ടികൾ പഠിക്കുന്നു. ഇതു കൂടാതെ വി എച്ച് എസ്എസ് ഇ വിഭാഗത്തിൽ 123 ഉം കുട്ടികളും പഠിക്കുന്നു.

# സുഹൃത്ത്

ദേവിക സുഭാഷ്
9C

പാട്ടുകൾ പാടാനും നൃത്തം ചവിട്ടാനും
കൂടെയുണ്ടോരോ സുഹൃത്തും
കൂടെയുണ്ടോരോ സുഹൃത്തും
നമ്മൾക്കെല്ലാം സുഹൃത്ത്
പുസ്തക താളുകൾ
മെല്ലെപ്പഠിക്കാൻ
നമ്മെ സഹായിച്ച കൂട്ടർ
നമ്മെ സഹായിച്ച കൂട്ടർ
പാട്ടുകൾ പാടാനും നൃത്തം
ചവിട്ടാനും
കൂടെയുണ്ടോരോ സുഹൃത്ത്
തേൻ തുള്ളിയാം പോലെ
മധുരമാം ദ്രവ്യത്തിൻ
എന്റെ ജിവനിൽ
മധുരമായി വന്നു.

എന്റെ ജിവനിൽ മധുരമായി വന്നു.
ഒരു വൃക്ഷ തണലിൽ
ഒരുമിച്ചിരുന്നു നാം.
ഓരോ കളിയും കളിച്ചനേരം
ഓരോരോ കളിയും കളിച്ചനേരം.
പേമാരി പെയ്തപ്പോൾഒരു കുട
കീഴിൽ നാം നനയാതിരുന്ന
ദിനങ്ങൾ
ഞങ്ങൾക്കെന്നും ഓർമ്മയായി
നിന്നു
പാട്ടുകൾ പാടാനും നൃത്തം

ചവിട്ടാനും
കൂടെയുണ്ടോരോ സുഹൃത്തും



# പൂത്തുമ്പി

ഭവ്യജിത്ത് എ
VIII M

നാട്ടിൽ  സ്കൂളുകൾ പൂട്ടി
ചന്തയും വണ്ടിയും കടകളും പൂട്ടി
ആളുകൾ വീട്ടിലിരിപ്പായി.
പാറിപ്പറന്നു കളിച്ച പൂമ്പാറ്റേ ഞങ്ങളെ
കാണാതെ കേഴുന്നോ നീ
സ്കൂളിലെ പൂന്തോപ്പിൽ കാണാത്ത
കാഴ്ചകൾ കണ്ടു കരഞ്ഞു മടങ്ങിയോ നീ
ഞങ്ങളും നിന്നെ കാണാൻ
കൊതിക്കവെ
വന്നു നാട്ടിൽ പെരുമഴ
കോവിഡ് മഹാമാരി വന്നു
നാട്ടിൽ  സ്കൂളുകൾ പൂട്ടി
ചന്തയും വണ്ടിയും കടകളും പൂട്ടി
ആളുകൾ വീട്ടിലിരിപ്പായി.

പാറിപ്പറന്നു കളിച്ച പൂമ്പാറ്റേ ഞങ്ങളെ
കാണാതെ കേഴുന്നോ നീ
സ്കൂളിലെ പൂന്തോപ്പിൽ കാണാത്ത
കാഴ്ചകൾ കണ്ടു കരഞ്ഞു മടങ്ങിയോ നീ
ഞങ്ങളും നിന്നെ കാണാൻ
കൊതിക്കവെ
വന്നു നാട്ടിൽ പെരുമഴ
പെരുമഴ പെരുമഴ പ്രളയമഴ
ദുരിതക്കാഴ്ചകൾ കാണാൻ
പൂത്തുമ്പിയില്ല
നിനക്കും വന്നോ കോവിഡ്
ഒന്നരവർഷം അടച്ചിട്ട പൂമുറ്റം
നിനക്കായി തുറന്നതറിഞ്ഞില്ലെ
എന്നു വരും നീ പൂത്തുമ്പീപെരുമഴ
പെരുമഴ പ്രളയമഴ
ദുരിതക്കാഴ്ചകൾ കാണാൻ
പൂത്തുമ്പിയില്ല
നീനക്കും വന്നോ കോവിഡ്
ഒന്നരവർഷം അടച്ചിട്ട പൂമുറ്റം
നിനക്കായി തുറന്നതറിഞ്ഞില്ലെ
എന്നു വരും നീ പൂത്തുമ്പീ
നാട്ടിൽ  സ്കൂളുകൾ പൂട്ടി
ചന്തയും വണ്ടിയും കടകളും പൂട്ടി



ആളുകൾ വീട്ടിലിരിപ്പായി.
പാറിപ്പറന്നു കളിച്ച പൂമ്പാറ്റേ ഞങ്ങളെ
കാണാതെ കേഴുന്നോ നീ
സ്കൂളിലെ പൂന്തോപ്പിൽ കാണാത്ത
കാഴ്ചകൾ കണ്ടു കരഞ്ഞു മടങ്ങിയോ നീ
ഞങ്ങളും നിന്നെ കാണാൻ
കൊതിക്കവെ
വന്നു നാട്ടിൽ പെരുമഴ

പെരുമഴ പെരുമഴ പ്രളയമഴ
ദുരിതക്കാഴ്ചകൾ കാണാൻ
പൂത്തുമ്പിയില്ല
നീനക്കും വന്നോ കോവിഡ്
ഒന്നരവർഷം അടച്ചിട്ട പൂമുറ്റം
നിനക്കായി തുറന്നതറിഞ്ഞില്ലെ
എന്നു വരും നീ പൂത്തുമ്പീ

# എന്റെ മീനൂട്ടി

എന്റെ വീട്ടുമുറ്റത്തെ ചെമ്പരത്തിയിൽ ഒരു കുരുവിക്കൂട് ഉണ്ടായിരുന്നു. അതിൽ ഒരു അമ്മക്കുരുവിയും മൂന്നു മുട്ടകളും ഉണ്ടായിരുന്നു. അങ്ങനെ കുറച്ചു നാളുകൾ കഴിഞ്ഞു പോയി. ഒരു ദിവസം ഞാൻ അതുപോയി നോക്കിയപ്പോൾ അതിനകത്ത് മൂന്നു കുരുവിക്കുഞ്ഞുങ്ങൾ. എനിക്ക് ഒരുപാട് സന്തോഷമായി. അങ്ങനെ ഒരു ദിവസം ഒരു പൂച്ച വന്ന് കൂടു തകർത്തു.ഞാൻ ഓടിചെന്നപ്പോൾ അതിൽ രണ്ടു കുഞ്ഞുങ്ങളെ അതു തിന്നിരുന്നു.പൂച്ചയെ ഞാൻ ഓടിച്ചു കളഞ്ഞു. ബാക്കിയുള്ള ഒരു കുഞ്ഞിനെ എനിക്ക് കിട്ടി. അതിന് ഞാൻ മീനൂട്ടി എന്ന് പേരിട്ടു. ഞങ്ങൾ ചകിരി കൊണ്ട് ഒരു കുഞ്ഞു കൂട് അതിന് ഉണ്ടാക്കിക്കൊടുത്തു. ഞാൻ തേനൊക്കെ കൊടുത്ത് അതിനെ വളർത്തി. ഒരു ദിവസം ഞാൻ ഉറങ്ങി എഴുന്നേറ്റപ്പോൾ മീനൂട്ടിയെ കാണാനില്ല.അമ്മയോട് തിരക്കിയപ്പോൾ മീനൂട്ടി പറന്നു പോയി എന്നു പറഞ്ഞു. എനിക്ക് നല്ല സങ്കടം തോന്നി. എന്നാലും ഒരു ജീവനാണല്ലോ ഞാൻ രക്ഷിച്ചത് എന്ന് ഓർത്ത് ഞാൻ സമാധാനിച്ചു. അവൾ സന്തോഷത്തോടെ ആകാശത്ത് പറന്നു നടക്കട്ടെ.ചിലപ്പോൾ അവളുടെ അമ്മയെ കണ്ടാലോ...




# മഴ മേളം

മഴ മഴ മഴ മഴ മഴ വന്നു
ഒരു മഴ ചെറുമഴ മഴ വന്നു
മഴ മഴ മഴ മഴ മഴ വന്നു
ഒരു മഴ ചെറുമഴ മഴ വന്നു

നല്ലൊരു പുള്ളിക്കുടയും ചൂടി
മഴയത്തൂടെ നടന്നു ഞാൻ
നല്ലൊരു പുള്ളിക്കുടയും ചൂടി
മഴയത്തൂടെ നടന്നു ഞാൻ

പേക്രോം പേക്രോം തവളകൾ പാടി
ചെറുമീനുകളോ തുള്ളിച്ചാടി
മഴ വന്നേ ഹായ് മഴ വന്നേ
മഴ മേളത്തിൻ പൊടിപൂരം
മഴ വന്നേ ഹായ് മഴ വന്നേ
മഴ മേളത്തിൻ പൊടിപൂരം



# ഏകാന്തത

ദേവിക സുഭാഷ്
9C

ആരുമില്ലാരുമില്ലാരുമില്ല
ദുഃഖം മൊഴിയുവാൻ ആരുമില്ല
ഏകാന്തമാം എന്നും വീചികളിൽ
ഒറ്റപ്പെടലിന്റെ അനുഭൂതികൾ
താങ്ങുവാനാകാതെ
ഒരു ജന്മം മുഴുവനും
തീർന്നുപോയി
ഒരു ജന്മം മുഴുവനും
തീർന്നുപോയി
ആത്മഹത്യ എന്ന മരണമാർഗം
സ്വീകരിച്ചു ഇന്നെൻ മർത്യജന്മം
ആരുമില്ലാരുമില്ലാരുമില്ലാ
ആരുമില്ലാരുമില്ലാരുമില്ലാ

ഒരു ജന്മം മുഴുവനും ഭൂമിക്കു
ഭാരമായി
ഭൂലോകമെന്തിനു നമ്മെ
ചുമക്കുന്നു
ഭൂലോകമെന്തിനു നമ്മെ
ചുമക്കുന്നു
ഏകമായി ഏകമായി
ഒരു ജന്മം മുഴുവനും
വ്യർത്ഥമായി ഇന്നെൻ
ജീവിതം
ആരുമില്ലാരുമില്ലാരുമില്ലാ

# The Lonely Child in the ISLAND


ADITHYA.S
9 I

Once up on a time, there lived a beautiful girl.Her name was Senque . She was an orphan and she was 13 years old. Senque was on an isolated Island and 8 years ago her whole family started a voyage. Unfortunately their ship wrecked in the sea . In that incident her father, mother and her other people were died. But she and her grand parents survived and they trapped in an island and there was nobody to save them.Seneque grew into a beautiful girl but she didn't know anything about the real world outside the island . One day her grandmother told some stories about the people outside the island and her grandmother also told that they they had also lived there once.On hearing this Seneque became very excited to see that world and she started thinking about the world all the night.

One day, Seneque went to fishing. Then she saw a big thing coming to the island . It was a boat . Seneque was scared to see that and the boat reached ashore. A young man came out from the boat. It was Tenue.His eyes were shining like the stars in the sky.His hair was brown in colour and it fluttered in wind.His lips were like roses and he was dressed like a gentleman.But Seneque was very scared and Tenue said,'Don't be afraid'.'who are you?', asked Seneque.' I am Tenue from Newyork'.And at last they became very good friends and Seneque explained all the things that happened in her life and she told about her longing to escape from that isolated island. Tenue told Seneque, 'Don't worry about your past, I will help you and I will save you and your grandparents"And they were taken with Tenue to Newyork.There Newyork ,Seneque got many new friends and they lived happily there. Still in her dreams she sees the island where once she spent her childhood.



# രണ്ട് മൺകുടങ്ങൾ



Adhisesh A.V

3c

ഒരിക്കൽഒരിടത്ത്ഒരുകൃഷിക്കാരനുണ്ടായിരുന്നു.വളരെഅധ്വാനിയായ അയാൾക്ക് മൺകുടങ്ങൾ ഉണ്ടായിരുന്നു.കൃഷിക്കാരൻ ദിവസവുംരാവിലെ മൺകുടത്തിൽ പുഴയിൽ നിന്ന് വെള്ളം നിറച്ച് വീട്ടിൽ കൊണ്ടുവരുമായിരുന്നു. ഒരു ദിവസം ഈ കൃഷിക്കാരൻ വെള്ളം കോരുന്നതിനിടയിൽ ഒരു മൺകുടം പൊട്ടിപ്പോയി. പൊട്ടിയ മൺകുടത്തിൽ വെള്ളം കോരുമ്പോൾ കൃഷിക്കാരന് അരകുടം വെള്ളം മാത്രമേ കിട്ടുമായിരുന്നുള്ളു. ഈ പൊട്ടിയ മൺകുടത്തെ പൊട്ടാത്ത മൺകുടം എപ്പോഴും കളിയാക്കുമായിരുന്നു.കൃഷിക്കാരൻ ഒരുപാട് കാലം പൊട്ടിയ മൺകുടത്തിൽവെള്ളം കോരി. ഒരു ദിവസം പൊട്ടിയ മൺകുടം കൃഷിക്കാരനോടു ചോദിച്ചു "ഒരു ഉപയോഗവുമില്ലാത്ത എന്നെയെന്താണ് കളയാത്തത് ".അതിനു മറുപടിയായി കൃഷിക്കാരൻ പറഞ്ഞു. “ ഈ വഴിയിൽ നിൽക്കുന്ന ചെടികൾക്കും പച്ചക്കറികൾ-ക്കും നിന്നിൽ നിന്നും പാഴായി പോകുന്ന വെള്ളം വിണാണ് ഇത് തഴച്ചു വളർന്നത്.അതുകൊണ്ട് എനിക്ക് ഏറ്റവും ഉപയോഗമുള്ളത് നിന്നെ കൊണ്ടാണ്. ഈ കഥയുടെ ഗുണപാഠമാണ് മറ്റുള്ളവരുടെ കുറവുകൾ കണ്ട് നാം ഒരിക്കലും അവരെ കളിയാക്കരുത്. നമ്മുടെ കുറവുകൾ കണ്ട് നാം ഒരിക്കലും വിഷമിക്കുകയും ചെയ്യരുത് .

# THE REAL MOTHER

Alfina
9I

Sarangapuram is a land of great scenic beauty, green meadows,lakes,valleys with fresh blossoms,together make it a true paradise on earth .The people here live in harmony nature .People of one valley here raised cattle for livelihood. Once the milking season was over ,they used to send their cattle to graze in the lush green meadows .Once two young men from a neighbouring village came to the valley and entrusted a cowherd with their cows for grazing .Both cows were asked to take special care of them . One day the cows gave birth to two calves.Unfortunately,one of the calves died immediately after birth .So the remaining calf was suckled by both cows.At the on set of summer,the cowherd returned to the village with the two cows and the new born calf.The young men,who were the owners of the cows were quite puzzled to see only one calf.Which is the mother of this calf? “We want to know who gets to keep it”

The cowherd was not able to answer this question

as he was not present at the time of birth.He remained silent.Soon,the young men started fighting over the ownership of the calf.Then the people of the village decided to present the problem before the village chief.He was a man of great wisdom who was sure to find a solution.The two young men reached the house of the village chief ,followed a by large crowd. Having heard the story,the chief thought for a while and reached a decision .He assured the young men that he would find out the real mother of the calf on the instructions of the village chief,the two cows and the calf, along with the two young men and the villagers reached the riverside. An open boat was kept ready there. The village chief ordered the ferryman to place the calf in the boat. But when the boat started to wriggle and shake the calf became afraid to get into the boat. Full of fear and anxiety, the calf cried loudly in alarm. All of a sudden, one of the cows standing on the river bank plunged into the river and proceeded to swim towards the boat.The other cow, bissfully undisturbed by any of these incidents, continued to merrily munch the grass. Thus it was quite clear that the cow which jumped into the river to save the frightened calf was a its real mother. Both the cow and its calf were handed over to the rightful owner. The people praised the village chief who was wise enough to resolve such a tricky problem.

# രണ്ടു ചങ്ങാതിമാർ

ആമിന.എ
9 I

ഒരു ചെറിയ കാട്ടിൽ രണ്ട് ഉറുമ്പുകൾ ഉണ്ടായിരുന്നു.അക്കുവും മിക്കുവും.അക്കു വലുതും മിക്കു ചെറുതുമായിരുന്നു.അവർ എന്നും കളിക്കാൻ പോകുമായിരുന്നു.പതിവുപോലെ അവർ ഇന്നും പോയി. അവർ കളിച്ചുകൊണ്ടിരുന്നപ്പോൾ അക്കു പറഞ്ഞു " നമുക്ക് ഊഞ്ഞാലിൽ ആടിയാലോ" മിക്കുവും സമ്മതിച്ചു. രണ്ടു പേരും കളിക്കാൻ തുടങ്ങി. പയ്യെ പയ്യെ ഊഞ്ഞാലിന്റെ വേഗത കൂടിയപ്പോൾ ചെറുതായിരുന്ന മിക്കു അടുത്തുള്ള മരത്തിന്റെ ഇലയിൽ ചെന്നു
വീണു. മിക്കു കരയാൻ തുടങ്ങി. ഇതുകണ്ട് അക്കുവും കരഞ്ഞു. മിക്കുവിന്റെ കരച്ചിൽ കേട്ട് അടുത്തുള്ള പഴുത്ത ഇലയിൽ ഉറങ്ങി കിടന്ന തണുത്ത മഴത്തുള്ളി എഴുന്നേറ്റു. പിന്നെ മിക്കുവിനോടു ചോദിച്ചു. “എന്തിനാ നീ കരയുന്നത് .” "ഞാനും എന്റെ കൂട്ടുകാരനും കളിച്ചുകൊണ്ടു നിന്നപ്പോൾ ഊഞ്ഞാലിന്റെ വേഗത കൂടി ഞാൻ ഈ മരത്തിന്റെ ഇലയിൽ വന്നു
വീണു എന്നെ എങ്ങനെയെങ്കിലും താഴെ ഇറക്കി തരുമോ.” മിക്കു കരഞ്ഞു പറഞ്ഞു.മഴത്തുള്ളി ചിന്തിച്ചിട്ട് പറഞ്ഞു. “ഞാൻ നിൽക്കുന്ന ഈ പഴുത്ത ഇലയിൽ നീ ചാട്.”

മിക്കു അതുകേട്ടുപഴുത്ത ഇലയിൽ ഒറ്റ ചാട്ടം. മഴത്തുള്ളിയും മിക്കുവും നദിയിൽ വീണു. അവർ രണ്ടു പേരും നദിയിൽ ഒഴുകി കരയുടെ അറ്റത്ത് വന്നു ചേർന്നു. മിക്കു വളരെ കഷ്ടപ്പെട്ട് കരയിൽ കയറി. മിക്കുവിനെ കണ്ട് അക്കു സന്തോഷത്തോടെ വന്നു. നടന്നകാര്യങ്ങളെല്ലാം മിക്കു അക്കുവിനോട് പറഞ്ഞു. പിന്നെ അവർ മഴത്തുള്ളിയോട് നന്ദിയും പറഞ്ഞ് വീട്ടിലേക്ക് മടങ്ങി.

# SPORTS WINNERS



ABHINAND BINU
KARATE(Below 50kg)
Sub District - 2nd



ADITHYA SAROSH
FENCING(Senior Girls)
State - 3rd



AISWARYA M R
SHOTPUT(Junior Girls)
Sub District - 3rd



MEHRU FATHIMA
CHESS(Junior Girls)
District - 3rd



PAVAN MANU
KARATE(Below 62kg)
Sub District - 2nd



AKSHAYA B S
LONG JUMP(Junior Girls)
Sub District - 1st



SHIJAS S S
200m(Junior Boys)
Sub District - 3rd



Suryalekshmi
chess subjunior girls
subdistrict-1st



IRFAN S
KARATE(Below 50kg)
Sub District - 2nd



Al Ameen
Karate(74kg)
subdistrict-2nd



Muhammed Amjad
Karate(below 58kg)
subdistrict-1st



Hannan Fathima
LP Kiddies Girls-100m
Subdistrict-3rd



Muhammed Raihan
Wushu Senor Boys
state-3rd



Navya Jayan
Karate(below-32kg)
Subdistrict-2nd



Abhirag
Chess Senior Boys
Subdistrict-2nd



Footbal sub junior boys
Subdistrict-1st

# ആട്ടിൻ കുട്ടികൾ

നിധി എസ് രഞ്ജിത്ത്
2D



എന്റെ വീട്ടിൽ ഉണ്ട്
രണ്ട് ആട്ടിൻ കുട്ടികൾ.
കറുകറുത്ത കുട്ടിയും,
വെളുവെളുത്ത കുട്ടിയും
ഓടിച്ചാടി നടന്നിടും
വിരു വിരുത്ത കുട്ടികൾ
എന്റെ വീട്ടിൽ ഉണ്ട്
രണ്ട് ആട്ടിൻ കുട്ടികൾ.
വീട്ടിലുള്ള ചെടികളെ
മുഴുവനും കഴിച്ചിടും
കുഞ്ഞിയൊന്ന് കുരച്ചാലോ
പടപടാന്ന് ഓടീടും
എന്റെ വീട്ടിൽ ഉണ്ട്
രണ്ട് ആട്ടിൻ കുട്ടികൾ.

# FLY TO YOUR DREAMS

**Lakshmi Parvathy**
**8 k**

I'm a girl who has big dreams
I'm someone who'll fight for her rights.
I'm someone who'll question injustice.
And for the reason, I lack genuine friends.

You can't call someone who uses you a real friend,
You can't call someone who let you down a true friend,
You can't call someone who hurts you a close friend,
And you can't call someone who won't support you a
bosom friend.

The world today is full of traps,
I have to be very careful when I'm living here.
I can't afford to get distracted from my dream,
Because if I get distracted,
I'll lose my dream for someone.
I know what people talk about me behind my back.
Even the ones to whom I didn't do any harm,
Join the allies which blame me for no reason.

I pretend not to hear them,
Because I believe that if I turn back to fight,
I'll be lost in the forest of life,

Not being able to find the way to my dream anymore.
So everyone, leave the ones who blame you behind,
Do whatever looks good for you
Trust your conscience, fly high,
And catch your dreams,No matter how many thunder
clouds are on the way.



# സൗഹൃദം

പൂജ എസ് ആർ
9C

ഓരോരോ കാലത്തിൻ
ഓർമയായി
പുതുമണം പരത്തുന്ന പൂവായി
ചിറകിട്ടടിക്കുന്ന കിളികളിൻ
കൂട്ടമായി
എന്തിലും കാണുന്നു ഞാനെൻ

സൗഹൃദം
മായുന്നു
പുതുമയുടെമറയിൽ
മായാൻ കാക്കുന്ന
സൗഹൃദം
വേദന കടലിൻ
ആഴങ്ങളിൻ
ഒളിപ്പിച്ചൊരാ സൗഹൃദം
കാഴ്ച്ചകൾക്കപ്പുറം
കാണാൻകൊതിക്കുന്ന
മധുരമാം സ്വപ്നമെൻ

സൗഹൃദം
പാടാൻ മറന്നൊരാ
പാട്ടിൻെറ
വരികളായി
എവിടെയോ കൈവിട്ടൊരാ

സൗഹൃദം

ഒരിക്കലും പിരിയാത്ത
സൗഹൃദം ചങ്ങല
മറക്കാൻ
കഴിയാത്തൊരോർമ്മയായി
ആരും കൊതിക്കുന്നമധുരമാം
താളങ്ങൾ
ഇടകലരുന്ന
സൗഹൃദമായി

പാടുന്ന പാട്ടിൻെറ
വരികളായി
കടലിൻെറ താളമായി
വിരിയുന്ന പൂവിന്റെ
സ്വപ്നമായി....



# بسم اللّٰه الرّحمن الرّحيم

**الحوار حول أهمية المياه بين القرد والطير**

SUBAHANA FATHIMA
9 I



االقرد : صباح الخير
الطير : صباح النّور
القرد : لماذا تجلس هنا حزينا؟
الطير : الماء، الماء في كل مكان ولكن لم توجد قطرة واحدة للشرب.
القرد : صحيح، أرجع من برقة قريبة، لم يكن هناك ماء صافي.
الطير : هيا نذهب إلى النهر؟ أن أبنائي عطشان.
القرد : طبعا، تعال.
(وفي الطّريق يسمعان أصوات الإنسان، وهم في الصف الكبير جنب الصنبورة. يجادلون ويزدحمون بعضهم بعضا)
الطير : أي صوت هناك؟
القرد : الإنسان يجادلون لماء صالح للشّرب.
الطير : ماذا يقول هذا الشّخص؟
القرد : لم يحصل له ماء منذ أيّام للشّرب والغسل والطهي.
الطير : في الحقيقة الدّنيا كلها تواجه مشكلة الماءِ.
القرد : نعم، الماء موجود في كل مكان ولكنه كل ملوث.
الطير : يا قرد كيف يصير الماء ملوثا؟
القرد : ألم تر يا طير في النّهر يأتي الماء القذر إليها من الشركات.
الطير : صحيح يا قرد، أكثر شركات يترك الماء القذر وغيرها من المهملات إلى النّهر والبحر.
القرد : شف إلى الجدول القريب من بيوتنا. كم علبة بلاستيكية فيها؟
الطير : كلها ترك الإنسان فيها، ولا يحفظ على ماء البئر أيضا. ثم ماذا؟
القرد : لا تخرج ردغة من النهر، هذا هو سبب آخر لملوثة المياه.
الطير : كيف يقل الماء  في البئروالنهر والجدول والبحيرات والمستنقعات؟
القرد :  الأشجار هي أهم مصدر في خزانة الماء، اليوم الغابة غائب.
الطير : إذا أغرست الأشجار في مكان قطعها يحل لقلة الغابة صحيح؟
القرد : نعم ، ولكن الإنسان كسلان، لا يستطيع أي مخلوق أن يبدل البيئة إلا الإنسان.
الطير : ماذا الصّوت هناك؟
القرد : هذا الصوت يكسر الإنسان صخرة عظيمة في الجبل. هذا هو أحد من الأسباب لقلة الماء.
الطير : ألا ترى الإنسان يستوى الجبل والغاب كي ينفع بقليل. إذا استمر هذا الحال لن تبقي الحيونات في   الأرض
القرد : على الإنسان أن يحفظ على مصادر المياء من الملوثة والغابة للمطر وخزائن الماء والجبل والبيئة
الطير : يقال الحرب العالمي الثّالث ستكون للماء الصافي.
القرد : اللّه يسلمنا من كل آفات.
القرد  : شكرا
الطير : غفوا

# പ്രളയം

നസ്മൽഎൻ

9J

പ്രളയമൊടുങ്ങി നമ്മുടെ നാട്ടിൽ
എല്ലാം പോയ് ഈ മണ്ണിൽ
പ്രളയം വന്നു തകർന്നു
നമ്മുടെ വീടുകളുമെല്ലാം
പുണ്യമായൊരു പമ്പാനദിയിതാ
നിറഞ്ഞു കവിയുന്നതുകാണാം
ഈ പ്രളയത്തിൽ ജാതിയുമില്ല
മതവുമില്ല യാതൊരു വർഗ്ഗിയങ്ങളുമില്ല
മനുഷ്യ ജീവൻ കൊണ്ടാണല്ലോ
ഈ പ്രളയം ഒടുങ്ങിയത്



# സങ്കടകടൽ

ശിവ വി ആർ
9J

അന്നു ഞാൻ സ്കൂളിൽ നിന്നൊരു
വിനോദയാത്ര പോകാൻ ഒരുങ്ങുകയായി
ഞാനും എൻ മനസ്സും
സ്വപ്ന ലോകത്തിൽ അകപ്പെടുന്നു
രണ്ടു നാൾ കൂടിയേ മുന്നിലുള്ളൂ
ഇതാ ഞങ്ങൾ പോകയായി
അടുത്ത നിമിഷത്തിൽ മുഴങ്ങുന്നു
മരണമണിയടി
എൻ അപ്പൂപ്പൻ പോയി
കഴിഞ്ഞിരിക്കുന്നു
സ്വർഗത്തിൽ
സ്നേഹപ്പൊരുളായ എൻ അപ്പൂപ്പൻ
എന്നെ വിട്ടു പോയിരിക്കുന്നു
ഇനി എനിക്ക് കാണാൻ
കഴിയാത്ത ലോകത്തേക്ക്
ഞാനും എന്റെ ബന്ധുക്കളും കൂടി
എൻ അപ്പൂപ്പന്
നിത്യശാന്തിക്കായി പ്രാർത്ഥിക്കുന്നു
മറ്റൊന്നും ചിന്തിക്കാതെ

# ONE BIRD AND TWO TREES

AJUMAL

9I



Once a bird was searching for a home to lay her eggs and get shelter in the coming rainy season . On her way she saw two trees and went to ask for shelter . When she asked the first tree he refused to give her shelter. The first tree said, 'NO'. With disappointment she went to the second and the second agreed. The second tree said, 'YES' .She made her home and laid her eggs . The rain arrived so heavy that the first tree fell and was carried away by the flood. The bird saw this and in a taunting way said, 'see this is your karma, you did not offer me shelter.Now God gave you the punishment'. The tree smiled and said,' I know I’m not going to survive this rainy season. That’s why I refused you . I didn’t want to risk your and your children's lives . The moral of the story is **‘DO NOT JUDGE PEOPLE BEFORE YOU TRUELY KNOW THEM'**

# A FOOLISH LION

FAWASUL RAHUMAN
9I



Once upon a time there was an evil lion in a forest. The lion was the king of the jungle. The lion king would brutally attack and eat other animals in the forest. One day all the other animals in the forest gathered at a lake in the forest to protest against the actions of the lion. There was an old turtle. Then the old tortoise said, 'Friends, I have an idea. I will fool that stupid lion tomorrow.All our problems will be over by tomorrow'. All the other animals were surprised to hear this.

The next morning, the tortoise came to the lion's den and immediately called out and said, "Lion king, the same lion king." The sleeping lion jumped up angrily. When he looked at a tortoise, the lion roared to the tortoise. Then Tortoise said,' king, oh king, you can't

**kill me anymore. I got a boon to live for a thousand years. The lion was shocked and asked from where had he got the boon. Then the tortoise informed that a monk had come to the neighbouring village and he had given him a boon. Hearing this the lion became eager to meet the monk. Tortoise promised to take the king to the monk in the village.**

**The very next day tortoise took the lion to the village. All the locals started running in fear and by that time the forest officers came and captured the lion in a cage and took it to the zoo. The other animals came to know this news and congratulated the tortoise. After that all the animals in the forest lived happily fearing no one.**

# വേർപാട്

ആദർശ്.സി.കെ
9H

തൊട്ടടുത്തൊന്ന് നീ ഉണ്ടെന്ന ചിന്തയിൽ
അറിയാതെ ഞാൻ തിരിഞ്ഞു നോക്കി.

വിങ്ങുന്ന ഹൃദയത്തിൽ പൊള്ളുന്ന വിരഹങ്ങൾ
എൻ മനസ്സിൽ വന്ന് തങ്ങി നിന്നു.

ആത്മാവിനുള്ളിലെ നീറുന്ന വേദന
ആവിയായിട്ടൊന്നുയർന്ന് വന്നു.

നീയടുത്തില്ലാത്ത ഓരോ നിമിഷവും എൻ മനം
കത്തി ജ്വലിക്കുന്നിതാ.

അകലേക്ക് പോകുവാനൊക്കുമോ ഞാനില്ലാതെ-
വിടേക്ക് പോവുകയാണ് നീയും.

എന്റെ ഹൃദയത്തിൽ നിന്നുമൊഴുകുന്ന-
കണ്ണീരിൻ രോദനം കേൾപ്പതില്ലേ.

വേർപാടിൻ വേദന എന്തെന്നറിയുവാൻ
ആവതില്ലേ നിനക്കീ നേരവും.

# Generative AI and its dangers

**SREE BHADRA SAILENDRAN**
**9C**

Artificial Intelligence mark the most technological breakthrough since social media. Artificial Intelligence was already there in use. Generative AI is the new technology, a category of system that can be prompted to create a wholly novel content.

In January 2023,chatGTP reached 100 millions monthly users,a faster rate of adoption than Instagram or TikTok. There are many AI tools like chatGPT Dall-E, Midjournery, and stable Diffusion are some examples.

Open AI company is the creator of chatGPT and Dall-E. Microsoft and Alphabet-owned Google are investing huge money on AI research. Google released a search oriented chatbot Bard.

AI generated images flooded social media. Movie editors began using AI-assisted softwares. Architechts are preparing AI-blue prints.
Coders are writing AI based scripts. Chinese Google Baidu and Alibaba announced their chatbots.

Researchers are increasingly worried about the risks posed by AI. Geoffry Hinton resigned from Google, warning about the dangers from AI. Geoffry Hinton is known as the AI godfather. Dr. Hinton's research on neural networks and deep learning has paved the way for current AI system like chatGPT. In Artificial Intelligence, neural network are system that are similar to the human brain in the way they learn and process information, They enable AIs to learn from experience, as a person would. This is called deep learning.

We're biological systems and these are digital systems. And the big difference is that with digital systems, you have many copies of the same set of weights, the same model of the world. All these copies can be learned separately but share their knowledge instantly. So it is as if, you had ten thousand people and whenever one person learned something, everybody automatically knew it.

In March 2023, an open letter co-signed by dozens of people in the AI field including Elon Musk called for a pause all developments more advanced than the current version of the AI chatbot chatGPT. So, safety measures could be implemented.

# ധീരപുത്രൻ

ദേവിക സുബാഷ്

ഒഴുകുന്ന പ്രളയത്തിൽ
വന്നു ചേരുന്നിതാ
ആരുമറിയാത്ത മർത്യജന്മം.
ഒഴുകുന്ന പ്രളയത്തിൽ
വന്നു ചേരുന്നിതാ
ആരുമറിയാത്ത മർത്യജന്മം.
ഉറ്റവരില്ല ഉടയവരില്ല
ആരുമില്ലാരുമില്ലാരുമില്ല.
ഒരു ജാതി എന്നില്ല
ഒരു വർഗമെന്നില്ല
മർത്യനേതും മാത്രമായി
മർത്യനേതും മാത്രമായി...
വീടില്ല വസ്ത്രമില്ലൊന്നുമില്ല
വീടില്ല വസ്ത്രമില്ലൊന്നുമില്ല...

സങ്കട പേമാരി തോരാതെ
നിൽക്കുന്നു പ്രളയമാം കാലത്തിലും.
മഴവെള്ളമൊഴുകുന്ന നേരത്ത് ഉയരുന്നു
മാനുഷ്യന്മാരുടെ കൈകൾ രണ്ടും
മാനുഷ്യന്മാരുടെ കൈകൾ രണ്ടും
ഓരോ മനുഷ്യനും താങ്ങായി തണലായി
രക്ഷകരായി വന്നു ധീരപുത്രർ.

തൻ ജീവൻ നോക്കാതെ രാവും
പകലുമവർ മർത്യന്റെ ജീവിതം കാത്തുവെച്ചു.
തൻ ജീവൻ നോക്കാതെ രാവും
പകലുമവർ മർത്യന്റെ ജീവിതം കാത്തുവെച്ചു.
ഇനിയുള്ള കാലം നമസ്കരിക്കേണം
എന്നെന്നും ധീരപുത്രന്മാരെ
ഇനിയുള്ള കാലം നമസ്കരിക്കേണം
എന്നെന്നും ധീരപുത്രന്മാരെ...

# ദലമർമരം

വിനായക് ബി എൻ

മുരളികയൂതും കാറ്റിൻ കയ്യിൽ
മൃദുരവമോടെ വന്നീടാൻ
കയ്യിൽ കറുകയും കാതിൽ കടുക്കനുമായ്
വന്നു നിന്നീടാൻ പോന്നോളൂ
നീ അതിവേഗം
ചന്ദനമുകിലിന്റെ സുന്ദരമായൊരു
മേനി തലോടാൻ കുഞ്ഞിക്കാറ്റേ പോന്നോളൂ
അമ്പിളി മാമന്റെ സുന്ദരമായൊരു
പുഞ്ചിരി കാണാൻ പോന്നോളൂ
താമരയിതളുകൾ വിടരും നേരം
മാമഴത്തുള്ളികൾ വന്നല്ലോ

# CHESS

MEHRU FATHIMA
9 C

Chess is a popular board game for two players. It is played on a square board made up of 64 smaller squares, Eight squares in each row and column. Each player starts with sixteen pieces:eight Pawns(1),two Kinghts(3),two Bishops(3),two Rooks(5),one Queen(9) and King. King is the most important piece and Queen is the most powerful piece in chess. The goal of the game is to checkmate the opponent's king. Checkmate is a threat(check) to the opposing king when no move can be made,it ends the game.

During the game the two opponents take turns to move one of their pieces to a different square of the board. The rules of chess are governed by the world chess federation which is known by the initials FIDE. The player with white pieces always makes the first move. Because of this white has a small advantage and wins more often than black in tournament games.

In chess there are a number of ways that a game can end in a draw. Chess has three special moves like castling, En passent and promotion. It's a game played

with startegy by using skills and tactics. Chess can help develope problem-solving skills ,increase IQ,improve memory function and exercise both sides of the brain. It can also help prevent Alzheimer and dementia.

In a competitive game a clock is used. Each player has an equal amount of time for the game. Most of historians agree that the game of chess was first played in Northern India . The current world chess champion is Ding Liren.

# CORONA DAYS

**Vijishna .B**

**9A**

Masked sighs.
Cold ointments that burn the heart.
Dear friendships that cannot be closed.
Salted gooseberries that cannot be shared.

Pandemic is raging but togetherness is at heart
Missing *kalichiri*
Better keep distance
in the new ERA OF SURVIVAL


Akshara Purya...
My school...
Keep the door open,
Let me sip as much as I can,
Let the sweetness of knowledge
Fly to the sky behind the door.

# യാത്ര പറച്ചിൽ


ദേവനന്ദൻ പി എൽ
9H

തമ്മിലിനി കാണില്ലെന്ന്
പിണങ്ങിച്ചൊല്ലി  യാത്ര
പറഞ്ഞാലും തിരിച്ചുവരാനല്ലാതെ
തിരമാലയ്ക്കൊങ്ങോട്ടാണ്
പോകാൻ കഴിയുക
സന്ധ്യയാകുമ്പോൾ മായുന്ന
സൂര്യനെപ്പോലെ നീ
മറഞ്ഞാലും. ഞാൻ
ഉറങ്ങും നീ പിന്നെയും
ഉദിക്കുമെന്ന വിശ്വാസത്തിൽ

# കൊച്ചു കൂട്ടുകാർ വരച്ച ചിത്രങ്ങൾ























# नींद

SHIFANA
10 D

जब लॉरी को आवज सुनते थे
हसी की नींद जो आती थी।
जब खेल कर थक  हो जाता था,
थक्कान की नीद जो आती थी।
जब सूना सूना रहता है,
पागल नींद जो आती है।
जब पदने को मन करता ही,
नींद हमेशा आती है।
जब ठंडी हवा जो मिलती है,
अच्छी नींद जो मिलती है।
जब अंतिम समय जो आता है
लंबी नींद में हम जाते हैं।

# അമ്മ

അഭിരാമി റ്റി എസ്
9 G



അമ്മയ്ക്ക് പകരമെൻ അമ്മ മാത്രം
അമ്മയ്ക്ക് പകരമെൻ അമ്മ മാത്രം
സ്നേഹിക്കുവാൻ എന്റെ അമ്മ മാത്രം

നന്മയും സ്നേഹവും അമ്മ മാത്രം
പകരം തരാൻ എന്റെ അമ്മ മാത്രം

# शाश्वत अफसोस

SANDRA A S
IX E

हरे भरे धन खेतों और कलकल करती जल धाराओं से भरी भूमि। इस भूमि मे एक किसान रहता था। उसका नाम रामू था। वह हमेशा कड़ी मेहनत करते थे और खुशी से जीवित रहते थे। पूर्वी पूर्वी क्षितिज पर आदित्य किरण हुई और उनके सामने हाथ में गिनती लेकर मिट्टी से सोना निकलने का प्रयास करने लगे। लेकिन बस अंधेरा होने तक अपने काम पर ड़टऐ रहने में सक्षम था।

60 साल की उम्र में  भी अकेले रामू को अपने स्वास्थ्य या जीवन के बारे में कोई ख्याल नहीं था। लेकिन  जो आदमी अपने स्वास्थ्य के बिना काम कर रहा था उसे कोई गंभीर स्वास्थ्य समस्या नहीं दिखी।

एक दिन नगर का एक युवक उस देश में आया।शहर से आते हुए गांव की सारी सुंदरता उसके मन में  एक प्रकार की गर्म जोशी और आश्चर्य भाव थी।

वहां पहुंचने के अगले ही दिन उसकी रामू से जान पहचान हो गई थी , रोज सुबह जब रामू खेत पर जाता तो वह फिर उसके साथ जाता।

बहुत समय के  बाद वह युवक अनाथ रामू के लिए पुत्र समान हो गया ।चुकी वहां कोई नहीं था ।इसलिए उसने उसे दिन खेतों में काम करने से मिली मजदूरी या किसी अन्य चीज का आयोग नहीं किया। वह यूवक भी भी रामू के बारे में काम कर रहे सब कुछ समझ गया। एक सुबह उसे युवक ने खेत में काम कर रहे रामू से अपने शहर की आर्थिक समस्याओं आदि के बारे में जिक्र किया। नेक दिल बूढ़े व्यक्ति ने उसे अपनी सारी मेहनत की कमाई दे दी। वह अपनी युवक अपनी ज़रूरतें के लिए पैसा पैसे प्राप्त करके अगली सुबह जल्दी शहर लौट आया। लेकिन युवक ने कहा कि बहुत जल्दी ही रामू से मिलने आएगा ।कई दिन बीत गए और रामू बहुत बीमार हो गया। उन्होंने युवक को कई पत्र लिखें। लेकिन कोई जवाब नहीं आया। लेकिन युवक को पत्र मिल रहे थे। शहर में व्यवस्था के कारण उनके पास इसे पढ़ने का समय नहीं था। एक दिन उसे उसे बूढ़े आदमी से मिलने के लिए घर जाना पड़ा। क्योंकि क्योंकि बहुत पत्रों भी की परेशानी सहन नहीं कर पा रहा था लेकिन जब वह घर पहुंचा तो उसने देखा कि घर के आंगन में रामू नाम के एक अनाथ किसान का शव पड़ा हुआ है ।युवक का पूरा शरीर पूरी तरह से गथीहीन था। अंतिम संस्कार के बाद वह टूटे मन से शहर पहुंचे। वहां गया और रामू द्वारा भेज गए पत्रों की खोज की जिस युवक ने इसे पढ़ उसका दिल टूट गया । वह समझ गया कि बूढ़ा व्यक्ति रामू को उसकी बीमारी के बारे में बताना चाहता था। और मरने से पहले उसे देखना चाहता था ।

वह अपराध बोध से आप ही  आप  टूटा था ।उसे समझ नहीं आ रहा था की वह अपने द्वारा किए गए पाप को कैसे धोए । अपराध की जंजीर ने उसके मन को बंद कर दिया ।अपने मन पर काबू न रख पाने के कारण उसने रस्सी से फंदा बनाकर अपनी जीवन लीला समाप्त कर ली। शाश्वत अफसोस.......

# BEAUTY IN THE NIGHT

Sreelakshmi.A.S
9J

The moon burns at night like the sun .
Clouds add beauty to it like a charriot .
Stars glisten at night
even the moon feels jealous.

Moon is the queen of light and
stars are the crown of queen
No one notices the shining of the stars
and the moon.

They always shine together like a
diamond in the sky.
Stars and moon are the lovers of the sky.
The stars and moon make night beautiful

Nightingale always sings a song
for lovers in the sky.
They always listen to the
Song of the nightingale.

# ശാസ്ത്ര മേള



സോഷ്യൽ സയൻസ് (HS വിഭാഗം)
ജില്ലാ ഓവറാൾ

## സംസ്ഥാനതല വിജയികൾ



LEKSHMI NANDA
LOCAL HISTORY WRITING



NYBI KRISHNA
MATHS STILL MODEL

# The Alchemist

## A Review

SREE BHADRA SAILENDRAN

9C

Paulo Coelho is a well known Brazilian writer. He is best known for his masterpiece 'The Alchemist'. It was initially released in 1988.

The Alchemist-It's a fable about following your dream. The novel tells us about a shepherd named Santiago from the Spanish province of Andalusia. He dreamed twice about a treasure when he sat asleep under a Sycamore tree near a church. He wants to know it's meaning. So he approached a Gypsy. She said him to go and search for the treasure. Then he met an old king who gave him two stones named Urim and Thumim to help him to find the treasure. Santiago sold his sheep and went to Africa. When he reached an African city he was stolen. Then he went to a crystal shop and helped the merchant to clean glasses and the shop. The merchant became happy when more customers came to his shop. After some days, the boy knew that there was a Caravan going to Egypt across the desert. Santiago also joined the Caravan team. In the Caravan he met an English

man who was searching for an alchemist. An Alchemist can transform lead into gold. They became friends easily because their aims were the same. On the way they got an information that a war was going to be held in the coming days. The Caravan team didn't take risk. They paused their journey at an oasis because the war may take years.Santiago was disappointed. But the English man tried to find the Alchemist. And Santiago joined him. They met a girl named Fatima and she gave them a clue to find the Alchemist and he suggested the English man to try to transform lead into gold yourself. The omens told the boy that there would be an attack tomorrow. He said this to the chief. It was right. The oasis was attacked. The chief was very grateful to Santiago and recommended him as the counsellor. So he decided to live there. But Fatima suggested to go and search for the treasure. Alchemist also suggested him to follow his dream. He helped  him reach Egypt. Some robbers hasted his money and said to become a wind.Santiago was confused.But he never gave up. He tried to become meditated. And the third day there came a storm. Throughout the journey the Alchemist said Santiago  to realise the language of his heart. After he tried he did. Before the three hours to the pyramids the Alchemist left Santiago. At the pyramids the robbers attacked him again. He told them all the truth. And one of them said that I also

dreamed of a treasure in Spain under a Sycamore tree. None of that matters. And Santiago realised that the treasure was under the Sycamore tree.He returned to Spain and found the treasure.

The Alchemist is a very inspiring story. The author tries to tell us to continue your journey. It will take you to your destiny. In the story if Santiago didn't complete his journey he couldn't find his treasure. There were so many bad circumstances on his journey. But he overcame it all.

Like Santiago we all need to follow our dreams. I remember the words of our former President APJ Abdul Kalam... The dream we have when we sleep is not a dream. The dream that never lets you sleep is a dream.

So dear friends, chase your dreams...

# പെണ്ണ്



ദീപ്തി സജിൻ
എച്ച് എസ് ടി (മലയാളം)

മുടിക്കെട്ടിൽ പിടിച്ചെന്നെ
മൗനിയാക്കേണ്ട..
പൂത്താലിക്കുരുക്കിട്ട്
പതിതയാക്കേണ്ട..
അടിവയറിൽ തൊഴിച്ചു
നീ ഉശിരുകാട്ടേണ്ട..
സിഗരറ്റ് കൊള്ളി കൊണ്ട്
ചിത്രമെഴുതേണ്ട..
പരാക്രമം സഹിയ്ക്കാതെ
പ്രതികരിക്കുമ്പോൾ
കുലസ്ത്രീയെന്നോതി എന്നെ
പാട്ടിലാക്കേണ്ട..
പൊന്നിൻ്റെ പേരിൽ നിത്യം
പുറം പൊള്ളിക്കാൻ
പെണ്ണിവൾ പാവയല്ല പച്ച
മണ്ണാണ്...

പകലോൻ മറയുവോളം
പണിചെയ്തിട്ടും..
പാതിരാവിൽ പുകയൂതി
വെന്തുവീർത്തിട്ടും..
പഴി മാത്രം തൊഴി മാത്രം
സഹിക്കുന്നോരാ ഞങ്ങൾക്കിനി
വേണ്ട
ഇത്തരത്തിലൊരു ജീവിതം..

കണ്ണീരുറഞ്ഞ കണ്ണിൽ
കനവുകൾ വേണം..
പുഞ്ചിരി മാഞ്ഞ
ചുണ്ടിൽ
പുലരി വിരിയേണം..
കൈയെത്തും ദൂരത്തൊരു
കൈത്തൊഴിൽ വേണം..
സ്വാശ്രയശീലമെന്നും
വളർത്തീടണം..

സ്വാശ്രയശീലത്തെ
വളർത്തിയെന്നാൽ
പരാശ്രയം പടികടക്കും
പഴികൾ മാറീടും..
പതിതയല്ല പാവയല്ലിവൾ
പച്ചമണ്ണാണ്..
അഗ്നിയാണ് സ്നേഹമാണ്
തീർത്ഥമിവളാണ്..
അമ്മയാണ് പെങ്ങളാണ്
ഭാര്യയുമാണ്..
പ്രണയിനിയും കൂട്ടുകാരിയു
മെന്നുമിവളാണ്..
കയർത്തെന്നാൽ രുദ്രയാകും
ഭദ്രയുമാകും..
അടുത്തെന്നാൽ ലക്ഷ്മിയാകും
സരസ്വതിയാകും...
പതിയെന്നാൽ പാതിയാണ്
പാർവ്വതിയാണ്..
പരാക്രമം കാട്ടുവാനിവൾ
പാവയല്ലോർക്കു...

# ക്ലബുകൾ

## ലിറ്റിൽ കൈറ്റ്സ്

സാങ്കേതിക വിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം ഗുണപരവും സർഗ്ഗാത്മകവുമായി പ്രയോജനപെടുത്തുന്നതിനായി " ലിറ്റിൽ കൈറ്റ്സ്" എന്ന കുട്ടികളുടെ ഐ ടി കൂട്ടായ്മ വളരെ വിജയ- കരമായി നമ്മുടെ സ്കൂളിൽ നടന്നു വരുന്നു.കൈറ്റ്സിലെ കുട്ടികൾ വളരെ ഉൽസാഹത്തോടുകൂടിയാണ് എല്ലാ ബുധനാഴ്ചകളിലും ചില ശനിയാഴ്ചകളിലും നടക്കുന്ന ക്ലാസുകളിൽ പങ്കെടുക്കുന്നത്. അനിമേഷൻ പ്രോഗ്രാമിംഗ് മൊബൈൽ ആപ് നിർമ്മാണം , റോബോട്ടിക്സ് , ഇലക്ട്രോണിക്സ് , സ്ക്രൈബസ്, അർഡിനോ , മലയാളം ടൈപ്പിംഗ് ഇൻർനെറ്റ് തുടങ്ങി വിവിധ മേഖലകളിൽ കുട്ടികൾക്ക് പരിശീലനം നൽകി വരുന്നു. " ലിറ്റിൽ കൈറ്റ്സ് " റിസോഴ്സ് പേഴ്സൻമാരുടെ പരിശീലനം തെരെഞ്ഞെടുക്കപ്പെട്ടിട്ടുള്ള കുട്ടികൾക്ക് ലഭികുന്നുണ്ട്., 2018-19 അക്കാദമിയ വർഷത്തിൽ നമ്മുടെ സ്കൂളിൽ ആരംഭിച്ച " ലിറ്റിൽ കൈറ്റ്സ് " യൂണറ്റിന്റെ പ്രഥമ കൈറ്റ് മാസ്റ്റർ ശ്രീ സുരേഷ് കുമാർ , കൈറ്റ് മിസ്ട്രസ് ശ്രീമതി . വിനീത വി എസ് എന്നിവർ ആകുന്നു.വിനീത വി എസ്,രാജി പി വി എന്നിവരുടെ നേതൃത്വ- ത്തിലാണ് ഇപ്പോൾ പരിശീലനം നടക്കുന്നത്. കൂടാതെ സ്കൂളിലെ ഹൈടെക് ക്ലാസ് മുറികളിലെ ഐ ടി സി അധിഷ്ഠിത പ്രവർത്തനങ്ങൾക്കും ഐ ടി സി ഉപകരണങ്ങളുടെ പരിപാലനത്തിനും

നേതൃത്വം നൽകുക എന്നത് ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ ചുമതലയാണ്. 2022-25 ബാച്ചിന്റെ സ്കൂൾ തല ക്യാമ്പ് സെപ്തംബർ മാസം ഒന്നാം തീയതി നടക്കുകയും അനിമേഷൻ പ്രോഗ്രാമിങ് വിഭാഗങ്ങളിലായി 8 കുട്ടികൾ സബ്ജില്ലാ തലത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. സബ്ജില്ലാ ക്യാമ്പിൽനിന്നും അനിമേഷൻ വിഭാഗത്തിൽ ഫവാസുൽ റഹ്മാൻ ജില്ലാ തലത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. ഭിന്നശേഷി കുട്ടികൾക്ക് ലിറ്റിൽ കൈറ്റ്സ് കുട്ടികൾ നൽകിയ കമ്പ്യൂട്ടർ പരിശീലനം വളരെ മികവുറ്റതായി. സൈബർ സുരക്ഷാ ബോധവത്കരണ ക്ലാസ്സും ആർട്ടിഫിഷ്യൽ ഇന്റലിജെന്റ്സിന്റെ ക്ലാസും മറ്റ് കുട്ടികൾക്കായി നൽകുകയുണ്ടായി.



ലിറ്റിൽ കൈറ്റ്സ് കുട്ടികൾ പരിശീലന വേളയിൽ

# ജെ ആർ സി

പ്രവേശനോൽസവുമായി ബന്ധപ്പെട്ട് വിവിധ ക്ലാസുകളിലേക്കായി ടൈംടേബിള് കാർഡുകൾ നിർമിച്ചു നൽകി. ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ പങ്കാളികളായി. സ്കൂളിലെ  അച്ചടക്കവുമായി ബദ്ധപ്പാട്ട് വിവിധ നിലകളിൽ ജെ ആർ.സി കേഡറ്റുകൾ ഡ്യൂട്ടികൾ ചെയ്ത് വരുന്നു. സ്കൂളിലെ പൂന്തോട്ട പരിപാലനത്തിൽ സജീവമായി പങ്കെടുക്കുകയും അവയുടെ പരിപാലനം, നനയ്ക്കൽ എന്നിവയിൽ പങ്കാളികളാകുന്നുണ്ട്. അതുപോലെ തന്നെയാണ് പച്ചക്കറി തോട്ടത്തിലെ പ്രവർത്തനങ്ങളും.

ഹിരോഷിമ നാഗസാക്കി ദിനവുമായി ബന്ധപ്പെട്ട് നടത്തിയ റാലിയിൽ പങ്കാളികളായി.സ്കൂളിലെ സ്വാതന്ത്ര്യദിനാഘോഷം ഗാന്ധിജയന്തി എന്നിവയിലും ജെ.ആർ.സി കേഡറ്റുകൾ അവരുടെ ഭാഗം വളരെ ഭംഗിയായി തന്നെ ചെയ്യുന്നുണ്ട്. സ്കൂളിലെ നിർദ്ധനരായ കുട്ടികൾക്ക് ജെ.ആർ.സി കേഡറ്റുകൾ തന്നെ സ്വരൂപിച്ച പൈസ കൊണ്ട് പഠനോപകരണങ്ങൾ വാങ്ങി നൽകി.

സ്കൂൾ ശാസ്ത്രമേള, കലോത്സവം എന്നിവയിലും ജെ.ആർ.സി കുട്ടികൾ ഭാഗമായി കലോത്സവവുമായി ബന്ധപ്പെട്ട ഒരു ഭക്ഷ്യമേള സംഘടിപ്പിച്ചു. വളരെ മികവുറ്റ ഒരു പ്രവർത്തനമായിരുന്നു അത്.

പ്രവേശനോൽസവുമായി ബന്ധപ്പെട്ട് വിവിധ ക്ലാസുകളിലേക്കായി ടൈംടേബിള് കാർഡുകൾ നിർമിച്ചു നൽകി. ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ പങ്കാളികളായി. സ്കൂളിലെ  അച്ചടക്കവുമായി ബദ്ധപ്പാട്ട് വിവിധ നിലകളിൽ ജെ ആർ.സി കേഡറ്റുകൾ ഡ്യൂട്ടികൾ ചെയ്ത് വരുന്നു. സ്കൂളിലെ പൂന്തോട്ട പരിപാലനത്തിൽ സജീവമായി പങ്കെടുക്കുകയും അവയുടെ പരിപാലനം, നനയ്ക്കൽ എന്നിവയിൽ പങ്കാളികളാകുന്നുണ്ട്. അതുപോലെ തന്നെയാണ് പച്ചക്കറി തോട്ടത്തിലെ പ്രവർത്തനങ്ങളും.

ഹിരോഷിമ നാഗസാക്കി ദിനവുമായി ബന്ധപ്പെട്ട് നടത്തിയ റാലിയിൽ

പങ്കാളികളായി.സ്കൂളിലെ സ്വാതന്ത്ര്യദിനാഘോഷം ഗാന്ധിജയന്തി എന്നിവയിലും ജെ.ആർ.സി കേഡറ്റുകൾ അവരുടെ ഭാഗം വളരെ ഭംഗിയായി തന്നെ ചെയ്യുന്നുണ്ട്. സ്കൂളിലെ നിർദ്ധനരായ കുട്ടികൾക്ക് ജെ.ആർ.സി കേഡറ്റുകൾ തന്നെ സ്വരൂപിച്ച പൈസ കൊണ്ട് പഠനോപകരണങ്ങൾ വാങ്ങി നൽകി.

സ്കൂൾ ശാസ്ത്രമേള, കലോത്സവം എന്നിവയിലും ജെ.ആർ.സി കുട്ടികൾ ഭാഗമായി കലോത്സവവുമായി ബന്ധപ്പെട്ട ഒരു ഭക്ഷ്യമേള സംഘടിപ്പിച്ചു. വളരെ മികവുറ്റ ഒരു പ്രവർത്തനമായിരുന്നു അത്.



# സ്കൗട്ട് & ഗൈഡ്

ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷതൈകൾ നട്ടുപിടിപ്പിക്കുകയും സ്കൂൾ അധ്യാപകരുടെ നേതൃത്വത്തിൽ പച്ചക്കറിത്തോട്ടം നിർമിക്കുകയും ചെയ്തു. സ്കൂൾ പരിസരം വൃത്തിയായി പ്ലാസ്റ്റിക് മാലിന്യം വേർതിരിച്ച് സംസ്കരിച്ചു.
ജൂൺ 19 വായനാദിനത്തിനത്തിന്റെ ഭാഗമായി വായനാവാരം ആഘോഷിച്ചു. ക്ലാസ് വൃത്തിയാക്കുകയും കൂടുതൽ പുസ്തകങ്ങൾ ശേഖരിക്കുകയും ചെയ്തു.
എല്ലാ ചൊവ്വാഴ്ചയും വെള്ളിയാഴ്ചയും സ്കൂൾ ഡിസ്സിപ്ലിൻ സ്കൗട്ട് ആൻഡ് ഗൈഡ്സിന്റെ നേതൃത്വത്തിലാണ് നടക്കുന്നത്. ജൂലൈയിൽ നടന്ന പെട്രോൾ ലീഡേഴ്സ് ക്യാമ്പ് ജി. വി. എച്. എസ്. എസ്.  കല്ലറയിൽ മനോഹരമായി സംഘടിപ്പിക്കാൻ കഴിഞ്ഞു. സ്കൗട്ട് ആൻഡ്  ഗൈഡ്സിന്റെ സർവീസ് എല്ലാവരുടെയും കയ്യടി ഏറ്റുവാങ്ങുന്ന തരത്തിലുള്ളതായിരുന്നു.
പൂന്തോട്ടം പരിപാലനം, ചെടികൾക്ക് വെള്ളമൊഴിക്കൽ, ചെടികൾക്കിടയിൽ വൃത്തിയാക്കൽ എന്നിവ സ്കൗട്ട് ആൻഡ് ഗൈഡ്സിലെ കുട്ടികൾ കൃത്യമായി ചെയ്തുവരുന്നു. ശാസ്ത്രോത്സവം, യുവജനോത്സവം, എന്നിവയിൽ സ്കൗട്ട് ആൻഡ് ഗൈഡ്സിലെ കുട്ടികൾ ഡ്യൂട്ടി നിർവഹിച്ചു വരുന്നു.
ഓഗസ്റ്റ് 6ന് പോസ്റ്റർ പ്രദർശനവും റാലിയും സംഘടിപ്പിക്കുകയുണ്ടായി. ഓഗസ്റ്റ് 15ന് റാലി, കലാപരിപാടികൾ, ദേശഭക്തിഗാനം, സ്വാതന്ത്ര്യസമരസേനാനികളെ അനുസ്മരിക്കുന്ന പ്രോഗ്രാം എന്നിവ നടക്കുകയുണ്ടായി. ഓഗസ്റ്റ് 25ന് നടന്ന ഓണാഘോഷപരിപാടികളിലും, കലാപരിപാടികളും, ഓണസദ്യയിലും സ്കൗട്ട് ആൻഡ് ഗൈഡ്സിന്റെ സേവനം ഉറപ്പാക്കാൻ കഴിഞ്ഞു.
സ്കൂളിലെ പച്ചക്കറിത്തോട്ടം വൃത്തിയാക്കുകയും വിളവെടുപ്പ് നടക്കുകയും ചെയ്തുവരുന്നു. ഗാന്ധിജയന്തി ദിനത്തിൽ ദീപം തെളിയിക്കൽ, പുഷ്പാർച്ച എന്നിവയോടൊപ്പം സ്കൗട്ട് ആന്റ് ഗൈഡ്സ് ന്റെ നേതൃത്വത്തിൽ നടന്ന സർവ്വമതപ്രാർത്ഥന എല്ലാവർക്കും പുതിയ ഒരു അനുഭവമായിരുന്നു. അധ്യാപകരേയും മറ്റു കുട്ടികളേയും മറ്റ്

ഭാരവാഹികളേയും അതിൽ ഉൾപ്പെടുത്താൻ കഴിഞ്ഞു. ഗാന്ധിജിയും ബി.പി യുമായുള്ള അഭിമുഖവും സാങ്കല്പിക സംഭാഷണവും നടന്നു. പാലോട് ലോക്കൽ അസോസിയേഷന്റെ നേതൃത്വത്തിൽ ആരംഭിച്ച സ്നേഹഭവനം പദ്ധതിയിലേക്ക് നല്ല ഒരു തുക സംഭാവന ചെയ്യാൻ സ്കൗട്ട്സ് ആന്റ് ഗൈഡ്സിന്റെ സഹായത്തോടെ തുക കളക്റ്റ് ചെയ്ത് വരുന്നു.



# വിദ്യാരംഗം

2023-24 അധ്യയന വർഷത്തെ വിദ്യാരംഗം കലാസാഹിത്യ വേദിയുടെ ഉദ്ഘാടനം 2023 ജൂൺ 19
വായനാദിനത്തോടനുബന്ധിച്ച് നടത്തി.സ്കൂളിൽ ചേർന്ന പ്രത്യേക അസംബ്ലിയിൽ ഹെഡ്മാസ്റ്റർ
ഷാജഹാൻ സാറായിരുന്നു ഉത്ഘാടകൻ.
വായനാദിനത്തോടനുബന്ധിച്ച് നടത്തിയ പ്രേത്യേക അസ്സെംബ്ലിയിൽ സ്കൂൾ പി. ടി. എ പ്രസിഡന്റ് വായനാദിന സന്ദേശവും പത്താം ക്ലാസ് വിദ്യാർത്ഥിനിയായ അസ്ന വായനാദിന പ്രതിജ്ഞയും ചൊല്ലി. മലയാള സാഹിത്യവുമായി ബന്ധപ്പെട്ട നടത്തിയ ക്വിസ് മത്സരത്തിൽ ഒന്നാം സ്ഥാനം നേടി. ഒരാഴ്ച നീണ്ടുനിന്ന പരിപാടികളാണ് സംഘടിപ്പിച്ചത്. ഓരോദിവസവും നോട്ടീസ് ബോർഡിൽ ഇടുന്ന ചോദ്യങ്ങൾക്ക് കുട്ടികൾ ശരിയുത്തരം എഴുതി. അതിൽ നിന്നും തെറുക്കെടുക്കുന്ന ഒരു കുട്ടിക്ക് സമ്മാനനവും നൽകി പുസ്തകാസ്വാദനവും ചർച്ചയും സംവാദവും ഇതോടനുബന്ധിച്ചു നടത്തി.
ജൂലൈ 5 ബഷീർ ദിനവുമായിരുന്നു വിദ്യാരംഗം കലാസാഹിത്യവേദി നടത്തിയ മറ്റൊരു പ്രവർത്തനം. ബഷീർ കൃതികളുമായി ബന്ധപ്പെട്ട പ്രശ്നോത്തരി, ബഷീർ കൃതികളു ബന്ധപ്പെട്ട സാഹിത്യചർച്ച തുടങ്ങിയവയും സംഘടിപ്പിച്ചു. ഓരോ മത്സരങ്ങളിലും പങ്കെടുത്തവർക്കും വിജയികൾക്കും സമ്മാനവും നൽകി.
വാങ്മയം എന്ന ഒരു ഭാഷാപരിപോഷണ പദ്ധതിയായിരുന്നു വിദ്യാരംഗം നടത്തിയ മറ്റൊരു പ്രവർത്തനം. കുട്ടികളിലെ ഭാഷാപ്രാവീണ്യം അളക്കുന്നതിനു വേണ്ടിയുള്ള മത്സരങ്ങളും പ്രവർത്തനങ്ങളുമായിരുന്നു ഇതിൽ ഉൾക്കൊള്ളിച്ചിരുന്നത് .തുടർന്ന് കേരളപ്പിറവി ദിനത്തോടനുബന്ധിച്ചു ആശംസ കാർഡ് നിർമാണമെന്ന

വിഷയത്തിന്റെ ഉപന്യാസ രചന തുടങ്ങി. വിവിധ പരിപാടികൾ സംഘടിപ്പിച്ച വിജയികൾക്ക് സമ്മാനദാനം നിർവഹിച്ചു.

ഭാഷയെയും സാഹിത്യത്തേയും പരിപോഷിപ്പിക്കുന്ന നിരവധി പ്രവർത്തനങ്ങളുമായി വിദ്യാരംഗം കലാസാഹിത്യവേദി മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്.

# എൻ എസ് എസ്

കല്ലറ ഗവൺമെൻറ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ നാഷണൽ സർവീസ് സ്കീം യൂണിറ്റ് 2019- 20 അക്കാദമിക വർഷമാണ് പ്രവർത്തനം ആരംഭിക്കുന്നത്. വൈവിധ്യമാർന്ന ഒട്ടേറെ പ്രവർത്തനങ്ങളിലൂടെ ആ വർഷം തന്നെ തിരുവനന്തപുരം ജില്ലയിലെ ഏറ്റവും മികച്ച യൂണിറ്റായി തെരഞ്ഞെടുക്കപ്പെട്ടു .

ദത്ത് ഗ്രാമത്തിലെ അംഗൻവാടി പുനർനിർമാണത്തിലൂടെ കേരള സംസ്ഥാന പൊതു വിദ്യാഭ്യാസ വകുപ്പ് (vhse വിഭാഗം) എൻ.എസ്.എസ് "ശ്രേഷ്ഠ ബാല്യം" പദ്ധതിയിൽ സംസ്ഥാനതലത്തിൽ തന്നെ പ്രശംസ നേടിയെടുക്കുവാൻ കഴിഞ്ഞു . തുടർന്ന് ഓരോ വർഷവും തനതായ പ്രവർത്തനങ്ങളും സപ്ത ദിന ക്യാമ്പുകളും ചിട്ടയായി നടത്തിവരുന്നു. 2023 24 അക്കാദമിക വർഷം നമ്മുടെ യൂണിറ്റ് നടപ്പിലാക്കിയ പ്രധാന പരിപാടികളിൽ ഒന്ന് ജൂലൈ 25 ലോക മുങ്ങിമരണ നിവാരണ ദിനാചരണം ആണ്. ഫയർ ആൻഡ് റെസ്ക്യൂ സർവീസസ് ആൻഡ് ഡിഫൻസിന്റെ നേതൃത്വത്തിൽ തുമ്പോട് വെച്ച് നടന്ന ലൈവ് ഡെമോൺസ്ട്രേഷൻ ക്ലാസുകൾ ആണ്. ജലാശയങ്ങളിൽ ഇറങ്ങുമ്പോൾ കരുതൽ വേണം എന്ന സന്ദേശം വിദ്യാർത്ഥികളിൽ എത്തിക്കുവാൻ സാധിച്ചു.

ലോക പരിസ്ഥിതി ദിനാചരണം വിവിധ പരിപാടികളോടെ നടത്തി .

ലഹരി വിരുദ്ധ ബോധവൽക്കരണം, വായനാദിനാചരണം എന്നിവയും ആചരിച്ചു .

ലോക രക്തദാന ദിനത്തോട് അനുബന്ധിച്ച് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയുമായി സഹകരിച്ച് ഒരു രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു. ഗോകുലം മെഡിക്കൽ സെൻറർ ചീഫ് മെഡിക്കൽ ഓഫീസർ ഡോക്ടർ സതീശൻ എം ക്ലാസ് ഉദ്ഘാടനം ചെയ്തു. വൻ ജനപങ്കാളിത്തം ഉറപ്പാക്കുവാൻ സാധിച്ചു. യൂണിറ്റിന്റെ ദത്ത് ഗ്രാമമായ തെങ്ങുംകോട് അംഗൻവാടിയിലെ കുട്ടികൾക്ക് രണ്ട്

ജോഡി യൂണിഫോം വീതം വിതരണം ചെയ്യുവാനും നമ്മുടെ യൂണിറ്റിന് കഴിഞ്ഞു. റോഡ് സുരക്ഷയെ കുറിച്ച് ഒരു ബോധവൽക്കരണം യാത്രക്കാർക്ക് നൽകുന്നതിൽ നമുക്ക് സാധിച്ചു. സ്കൂളിൽ തന്നെ ഒരു പച്ചക്കറി തോട്ടം ഉണ്ടാക്കുന്നതിൽ അധ്യാപകനായ ശ്രീ ബൈജു സാറിൻ്റേ നേതൃത്വത്തിൽ വോളണ്ടിയർമാർ തുടക്കം കുറിച്ചു. ജീവിതശൈലി രോഗനിർണയ ക്യാമ്പ് സംഘടിപ്പിക്കുകയുണ്ടായി .

പാലിയേറ്റീവ് ദിനാചരണത്തിന്റെ ഭാഗമായി വോളണ്ടിയർമാരിൽ നിന്നും സമാഹരിച്ച തുകയിൽ സജിത്ത് എന്ന കിടപ്പുരോഗിക്ക് ധനസഹായവും അവശ്യവസ്തുക്കളും നൽകുകയും ചെയ്തിട്ടുണ്ട് .

കല്ലറ പരിസരത്ത് ഉച്ചഭക്ഷണം എല്ലാപേർക്കും ലഭ്യമാക്കുനതിന് നമ്മുടെ ഭാഗമായി എല്ലാ വെള്ളിയാഴ്ചകളിലും 10 പൊതിച്ചോറുകൾ വിദ്യാർഥികൾ കൊണ്ടുവന്ന വിതരണം ചെയ്യുന്ന ഒരു സൽപ്രവർത്തി കൂടി നടന്നു വരുന്നു..

പ്ലാസ്റ്റിക് ഫ്രീ ക്യാമ്പസ് എന്ന ആശയം സഫലീ കരിക്കുന്നതിന് തുടക്കം കുറിച്ച് ഓരോ ക്ലാസിലും കുട്ടികൾ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് പേനകൾ വലിച്ചെറിയാതെ അവ സൂക്ഷിക്കുന്നതിനുള്ള ബോക്സുകൾ നൽകുകയും അങ്ങനെ ശേഖരിക്കുന്ന പ്ലാസ്റ്റിക് പേനകൾ ശുചിത്വ കേരളം മിഷനുമായി സഹകരിച്ച് റീസൈക്കിൾ ചെയ്യുന്നതിനുള്ള നടപടികളും കൈക്കൊണ്ടുവരുന്നു..



# സോഷ്യൽ സയൻസ്

2023-24 അധ്യയന വർഷത്തിൽ സാമൂഹ്യശാസ്ത്ര ക്ലബിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് ക്ലബുകളുടെ ഉദ്ഘാടനത്തോടെ തുടക്കം കുറിച്ചു.ഭാരതീയ റിസർവ്വ് ബാങ്കിന്റെ ആഭിമുഖ്യത്തിൽ നടന്ന ഫിനാൻഷ്യൽ ലിറ്ററസി ക്വിസിൽ ഫവാസ്.എസ്,അഷ്ടമിനായർ.ഡി.എസ് എന്നീ കുട്ടികൾക്ക് രണ്ടാം സ്ഥാനം ലഭിച്ചു. സാമൂഹ്യ ശാസ്ത്ര ക്ലബിന്റെ ആഭിമുഖ്യത്തിൽ ഹൈസ്കൂൾ കുട്ടികൾക്കായി പോസ്റ്റർ രചനാ മത്സരം സംഘടിപ്പിച്ചു. ആഗസ്റ്റ് 6, ആഗസ്റ്റ് 9 (ഹിരോഷിമ,നാഗസാക്കി ദിനങ്ങൾ സമുചിതമായി ക്ലബിന്റെ നേതൃത്വത്തിൽ ആഘോഷിച്ചു. കുട്ടികളെ പങ്കെടുപ്പിച്ചു കൊണ്ട് യുദ്ധ വിരുദ്ധ റാലി സംഘടിപ്പിച്ചു. സ്വാതന്ത്ര ദിനത്തിൽ വിവിധ പരിപാടികൾ ക്ലബിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു.സ്വാതന്ത്ര്യദിനത്തിൽ വിവിധ പരിപാടികൾ ക്ലബിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു.സ്വാതന്ത്ര്യദിനാഘോഷവുമായി ബന്ധപ്പെട്ട് ' ടാലന്റ് ഹണ്ട് 2023 ' വാമനപുരം മണ്ഡലതല ക്വിസ് മത്സരം നടത്തി. ലക്ഷ്മി പാർവ്വതി 8 കെ),ഫവാസ്.എസ് (10 എച്ച്) എന്നിവർക്ക് ഈ ക്വിസിൽ മൂന്നാം സ്ഥാനം ലഭിച്ചു. സ്കൂൾതല ശാസ്ത്രമേളയിൽ വിവിധ മത്സരങ്ങളിൽ കുട്ടികളെ പങ്കെടുപ്പിച്ചു. പ്രസംഗം-ഫാബിയ മിറാജ്ഖർ (9 ഐ), സ്റ്റിൽ മോഡൽ-അതുല്യ,അജിത (10 ഡി) വർക്കിങ് മോഡൽ -ദിയാ (8 ഐ),ദീക്ഷിത സുഭാഷ് (8ഐ), ലോക്കൽ ഹിസ്റ്ററി റൈറ്റിങ് -ലക്ഷ്മി നന്ദ (10 എഫ്) അറ്റലസ് മേക്കിങ്-നവമി.എസ്.ആർ എന്നിവർ ഫസ്റ്റ് എ ഗ്രേഡോടുകൂടി സബ്ജില്ലയിൽ പങ്കെടുക്കാൻ അർഹത നേടി. സബ്ജില്ലാ ശാസ്ത്രമേളയിൽ സ്റ്റിൽ മോഡൽ-അതുല്യ,അജിത (10 ഡി), വർക്കിങ് മോഡൽ-ദിയ (8 ഐ) ,ദീക്ഷിത സുഭാഷ് (8 ഐ),ലോക്കൽ ഹിസ്റ്ററി റൈറ്റിങ്- ലക്ഷ്മി നന്ദ (10 എഫ്),അറ്റ്ലസ് മേക്കിങ്-നവമി.എസ്.ആർ എന്നിവർ ജില്ലാ ശാസ്ത്രമേളയിലേക്ക് പങ്കെടുക്കുന്നതിന് യോഗ്യ നേടി.സാമൂഹ്യശാസ്ത്ര ക്വിസിൽ സബ്ജില്ലാതലത്തിൽ പങ്കെടുത്ത ഫവാസ്.എസ് (10 എച്ച്) ജില്ലാതലത്തിലേക്ക്

യോഗ്യത നേടി.ന്യൂസ് റീഡിങ് മത്സരത്തിൽ പങ്കെടുത്ത അസ്ന.എസ്.അൻസാർ ജില്ലാ മത്സരത്തിലേക്ക് യോഗ്യത നേടി.സാമൂഹ്യ ശാസ്ത്ര ക്ലബിന്റെ നേതൃത്വത്തിൽ ഹൈസ്കൂൾ വിഭാഗം കുട്ടികൾക്കായി ഒരു പഠനയാത്ര സംഘടിപ്പിച്ചു. നിയമസഭ,പ്ലാനറ്റോറിയം, ഹിസേറ്റോറിക്കൽ മ്യൂസിയം എന്നീ സ്ഥലങ്ങൾ സന്ദർശിച്ചു. ക്ലബിന്റെ വിവിധ പ്രവർത്തനങ്ങൾ തുടർന്ന് നടന്നുവരുന്നു.

# എസ് പി സി

2023-24 അധ്യയന വർഷത്തിലെ SPC ജൂനിയർ കേഡറ്റ് സെലെക്ഷനിലൂടെ 44കുട്ടികളെ തെരഞ്ഞെടുക്കുകയുണ്ടായി. സ്കൂളിലെ എല്ലാ പ്രവർത്തനങ്ങളിലും SPC യൂണിറ്റിന്റെ സജീവ പങ്കാളിത്തം ഉണ്ടായിരുന്നു. സ്കൂൾ അച്ചടക്ക ഡ്യൂട്ടികളും കേഡറ്റ്കൾ ഭംഗിയായി നിർവഹിച്ചു വരുന്നു. ഓണം ക്യാമ്പ് മനോഹരമായി നടത്തി. WE ARE RPs എന്ന പദ്ധതി പ്രകാരം കേഡറ്റ് കൾക്കു ഇൻഡോർ ക്ലാസുകൾ എടുക്കാൻ അവസരം നൽകി വരുന്നു.കൂടുതൽ കേഡറ്റ്കൾക്ക് പരിശീലനം നൽകും. ജില്ലാ ക്യാമ്പിന് ആറ് കേഡറ്റ്കൾക്ക്പങ്കെടുക്കാൻ സാധിച്ചു.



# മാത്തമാറ്റിക്സ്

2023-2024 അധ്യയനവർഷത്തിൽ ഗണിത ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നിരവധി പ്രവർത്തനങ്ങൾ സ്കൂളിൽ നടത്തി . ഗണിത ക്ലബ്ബിന്റെ ഉദ്ഘാടനം 3|8|23 ന് നടത്തി. ഉദ്ഘാടനത്തോടനുബന്ധിച്ച് സെമിനാർ നടത്തി. മികച്ച സെമിനാറിന് സമ്മാനദാനം നൽകി. അതിനെ തുടർന്ന് 3 ഘട്ടങ്ങളിലായി ഗണിത ക്വിസ് സംഘടിപ്പിച്ചു. മികച്ച കുട്ടികളെ കണ്ടെത്തി പരിശീലിപ്പിച്ചു. ശാസ്ത്രമേളയുടെ ഓരോ വിഭാഗത്തിലേയും കുട്ടികളെ കണ്ടെത്തി മത്സരങ്ങൾ നടത്തി മികച്ചത് കണ്ടെത്തി പരിശീലനം കൊടുത്തു.ഗണിത മാഗസിനിലേക്കുള്ള പ്രവർത്തനങ്ങൾ കുട്ടികൾ തന്നെ കണ്ടെത്തുകയും ഗണിത മാഗസിൻ കുട്ടികൾ തയ്യാറാക്കുകയും ചെയ്തു.ശാസ്ത്രമേളയിൽ സബ്ജില്ലാതലം ഓവറോൾ ലഭിച്ചു. ജില്ലാതലത്തിലേക്കുള്ള കുട്ടികൾക്ക് 4 മണിക്ക് ശേഷം പ്രത്യേക പരിശിലനം കൊടുത്തുവരുന്നു. ജില്ലാതലത്തിൽ എല്ലാ വിഭാഗങ്ങളിലും എ ഗ്രേഡും സ്റ്റിൽ മോഡലിന് സെക്കന്റ് എ ഗ്രേഡ് ലഭിക്കുകയും സംസ്ഥാന തലത്തിൽ എ ഗ്രേഡ് ലഭിക്കുകയും ചെയ്തു,

# സയൻസ്

**23-24 അദ്ധ്യയന വർഷ23-24 അദ്ധ്യയന വർഷത്തെ സയൻസ് ക്ലബ് ഉത്ഘാടനം ജൂലൈ മാസത്തിൽ നടന്നു.ജൂൺ മാസത്തിൽ പരിസ്ഥിതി ദിനം അതി വിപുലമായി ആചരിച്ചു.**

**ജൂലൈ മാസത്തിൽ ചാന്ദ്രദിന ക്വിസ് സംഘടിപ്പിച്ചു. ഓസോ ദിനത്തിൽ പോസ്റ്റർ രചനാ മത്സരം സംഘടിപ്പിച്ചു.സബ്ജില്ലാ ശാസ്ത്ര മേളയിൽ കുട്ടികളെ പങ്കെടുപ്പിക്കാൻ പരിശീലിപ്പിച്ചു.സബ്ജില്ലാ ശാസ്ത്ര മേളയിൽ ശാസ്ത്ര നാടകം, ഇമ്പ്രൊവൈസ്ഡ് എക്സ്പെരിമെൻറ്, വർക്കിംഗ് മോഡൽ, സയൻസ് ടാലന്റ് എന്നീ മത്സരങ്ങളിൽ എ ഗ്രേഡോഡു കൂടി ഫസ്റ്റും സ്റ്റിൽ മോഡലിന് സെക്കന്റും ലഭിച്ച് ജില്ലാ മത്സരത്തിൽ പങ്കെടുക്കാൻ യോഗ്യത നേടി.സബ്ജില്ലാ ശാസ്ത്ര മേളയിൽ എച്ച് എസ് വിഭാഗം ഓവറോൾ കരസ്ഥമാക്കാൻ കഴിഞ്ഞു.ജില്ലാ ശാസ്ത്ര മേളയിൽ ഇമ്പ്രൊവൈസ്ഡ് എക്സ്പെരിമെൻറ്, വർക്കിംഗ് മോഡൽ എന്നിവയ്ക്ക് എ ഗ്രേഡ് ലഭിച്ചു.**23-24 **വർഷത്തെ സയൻസ് ക്ലബ് ഉത്ഘാടനം ജൂലൈ മാസത്തിൽ നടന്നു.ജൂൺ മാസത്തിൽ പരിസ്ഥിതി ദിനം അതി വിപുലമായി ആചരിച്ചു.**

**ജൂലൈ മാസത്തിൽ ചാന്ദ്രദിന ക്വിസ് സംഘടിപ്പിച്ചു. ഓസോ ദിനത്തിൽ പോസ്റ്റർ രചനാ മത്സരം സംഘടിപ്പിച്ചു.സബ്ജില്ലാ ശാസ്ത്ര മേളയിൽ കുട്ടികളെ പങ്കെടുപ്പിക്കാൻ പരിശീലിപ്പിച്ചു.സബ്ജില്ലാ ശാസ്ത്ര മേളയിൽ ശാസ്ത്ര നാടകം, ഇമ്പ്രൊവൈസ്ഡ് എക്സ്പെരിമെൻറ്, വർക്കിംഗ് മോഡൽ, സയൻസ് ടാലന്റ് എന്നീ മത്സരങ്ങളിൽ എ ഗ്രേഡോഡു കൂടി ഫസ്റ്റും സ്റ്റിൽ മോഡലിന് സെക്കന്റും ലഭിച്ച് ജില്ലാ മത്സരത്തിൽ പങ്കെടുക്കാൻ യോഗ്യത നേടി.സബ്ജില്ലാ ശാസ്ത്ര മേളയിൽ എച്ച് എസ് വിഭാഗം ഓവറോൾ കരസ്ഥമാക്കാൻ കഴിഞ്ഞു.ജില്ലാ ശാസ്ത്ര മേളയിൽ ഇമ്പ്രൊവൈസ്ഡ് എക്സ്പെരിമെൻറ്, വർക്കിംഗ് മോഡൽ എന്നിവയ്ക്ക് എ ഗ്രേഡ് ലഭിച്ചു.**

# സ്പോർട്സ് ക്ലബ്

2023 24 അധ്യയന വർഷത്തെ സ്പോർട്സ് ക്ലബ് പ്രവർത്തനങ്ങൾ വളരെ മികച്ച രീതിയിൽ തന്നെ പൂർത്തീകരിക്കാൻ കഴിഞ്ഞു.KG, LP, UP, HS, VHSE വിഭാഗങ്ങൾക്ക് സ്കൂൾ തലത്തിൽ സ്പോർട്സ് മത്സരങ്ങൾ നടത്തി. സെപ്റ്റംബർ 7,8 തീയതികളിലായി സ്കൂൾ തല സ്പോർട്സ് മത്സരങ്ങൾ (UP, HS) തണ്ണിയം പഞ്ചായത്ത് ഗ്രൗണ്ടിൽ വച്ച് നടന്നു. LP വിഭാഗം മത്സരങ്ങൾ സെപ്റ്റംബർ 15ന് തണ്ണിയം ഗ്രൗണ്ടിൽ വച്ചും KG വിഭാഗം മത്സരങ്ങൾ അന്നേ ദിവസം സ്കൂളിൽ വച്ചും നടന്നു. ചെസ്സ്, കരാട്ടെ, ഫെൻസിങ്, വുഷു,പവർ ലിഫ്റ്റിങ്, ഫുട്ബോൾ തുടങ്ങിയ ഗെയിമുകളിലും Athletics ലും സബ്ജില്ലാ തലത്തിൽ കുട്ടികൾ മത്സരത്തിൽ പങ്കെടുക്കുകയുണ്ടായി.17 ഒന്നാം സ്ഥാനം 14 രണ്ടാം സ്ഥാനം 7 മൂന്നാം സ്ഥാനം സബ്ജില്ലാ തലത്തിൽ നമ്മുടെ കുട്ടികൾക്ക് നേടാൻ കഴിഞ്ഞു. ഫെൻസിങ്, വുഷു എന്നീ ഇനങ്ങളിൽ രണ്ടു കുട്ടികൾ ജില്ലാ തലത്തിൽ പങ്കെടുത്ത് വിജയികൾ ആവുകയും (ആദിത്യ സരോഷ് 9G, മുഹമ്മദ് റൈഹാൻ 8C) സംസ്ഥാനതലത്തിൽ മൂന്നാം സ്ഥാനം കൈവരിക്കുകയും ചെയ്തു. ജില്ലാ തല ചെസ്സ് മത്സരത്തിൽ റേറ്റിങ്ങിൽ വളരെ മുന്നിൽ നിൽക്കുന്ന കുട്ടികളോടൊപ്പം മത്സരിച്ച് ജില്ലാതലത്തിൽ മൂന്നാം സ്ഥാനം നേടാൻ നമ്മുടെ സ്കൂളിലെ കുട്ടിക്കായി (മെഹ്റു ഫാത്തിമ 9 C). വളരെ വർഷങ്ങൾക്കുശേഷം ഈ വർഷം സബ്ജില്ല സബ് ജൂനിയർ ഫുട്ബോൾ മത്സരത്തിൽ നമ്മുടെ സ്കൂളിന് ഒന്നാം സ്ഥാനം നേടാൻ കഴിഞ്ഞു. ഫുട്ബോൾ സബ്ജൂനിയർ, ജൂനിയർ സബ്ജില്ലാ ടീമുകളിലേക്ക് നമ്മുടെ സ്കൂളിൽ നിന്നും 7 പേർ ഇടം നേടി.

സെൽഫ് ഡിഫൻസിന്റെ ഭാഗമായി UP, HS സെക്ഷനുകളിലെ പെൺകുട്ടികൾക്കായി 12 ദിവസത്തെ കരാട്ടെ ക്ലാസ് സംഘടിപ്പിച്ചു . ഏകദേശം 200 ഓളം കുട്ടികൾ ഈ പ്രോഗ്രാമിന്റെ ഭാഗമായി.

# അറബിക് ക്ലബ്ബ്

2023 - 2024 അധ്യയന വർഷത്തിൽ അലിഫ് അറബിക് ക്ലബ്ബിന്റെ വിവിധ പ്രവർത്തനങ്ങൾ നടന്നു ക്ലബ്ബിന്റെ കീഴിൽ യു പി , എച്ച് എസ് വിഭാഗം വിദ്യാർത്ഥികൾക്ക് വിവിധതരം മത്സരങ്ങൾ നടത്തി. ഓരോ ദിനാചരണങ്ങളും ആയി ബന്ധപ്പെട്ട് അറബിയിൽ പോസ്റ്റർ നിർമ്മാണം , ക്വിസ് മത്സരം , പ്രസംഗം എന്നിവ സംഘടിപ്പിച്ചു. അലിഫ് അറബിക് ടാലൻറ് ടെസ്റ്റിൽ സബ്ജില്ലാതലത്തിൽ എച്ച് എസ് വിഭാഗം അഹമ്മദ് കബീർ (10J) ഫസ്റ്റ് പ്രൈസും യുപി വിഭാഗം അൽ സമാൻ മുഹമ്മദ് എ ഗ്രേഡും കരസ്ഥമാക്കി.ജില്ലാതല മത്സരത്തിൽ പങ്കെടുത്ത് എ ഗ്രേഡും അഹമ്മദ് കബീർ ന് ലഭിച്ചു.കേരള യൂണിവേഴ്സിറ്റി അറബിക് ഡിപ്പാർട്ട്മെൻറ് സംഘടിപ്പിച്ച (അറബിക് സോങ് കോണ്ടസ്റ്റ് ഫോർ സ്കൂൾ സ്റ്റുഡൻസ്) അറബിഗാന മത്സരത്തിൽ ഇഷാന ഫസ്റ്റ് പ്രൈസും ക്യാഷ് അവാർഡും സഫിയ മോൾ , അമീന എം എ ന്നിവർ എ ഗ്രേഡും കരസ്ഥമാക്കി. അറബിക് ക്ലബ്ബിന്റെ കീഴിൽ സബ്ജില്ലാതല സ്കൂൾ കലോത്സവത്തിൽ രണ്ട് പോയിന്റ് വ്യത്യാസത്തിൽ സെക്കൻഡ് ഓവറോൾ ലഭിച്ചു. ജില്ലാതല മത്സരങ്ങളിലും പങ്കെടുക്കാൻ സാധിച്ചു. ഡിസംബർ 18 അന്താരാഷ്ട്ര അറബി ഭാഷ ദിനത്തോടനുബന്ധിച്ച്സ്കൂളിൽ കാലിഗ്രഫി, അറബിക് നാടകം ഉൾപ്പെടെ വ്യത്യസ്ത ഇനം പ്രോഗ്രാമുകൾ സംഘടിപ്പിച്ചു. എല്ലാ വിജയികൾക്കും സ്കൂൾ അസംബ്ലിയിൽ എച്ച് എം ഷാജഹാൻ സർ സമ്മാനങ്ങൾ വിതരണം ചെയ്തു. അറബിക് ക്ലബ്ബിൻറെ ആഭിമുഖ്യത്തിൽ എല്ലാ വിദ്യാർത്ഥികൾക്കും എഴുത്തിലും വായനയിലും മറ്റും വലിയ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞു.

